KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

# കേരള സംസ്ഥാന
# ബാലാവകാശ സംരക്ഷണ കമ്മീഷൻ

## വാർഷിക റിപ്പോർട്ട്
## 2025 - 2026



# വാർഷിക റിപ്പോർട്ട്
# 2025 – 2026

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 1–3 |
| 2 | കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും | 3–7 |
| 3 | ബാലാവകാശ സംരക്ഷണത്തിന്റെ പ്രസക്തി – കേരളത്തിൽ | 7–8 |
| 4 | കമ്മീഷന്റെ ഘടനയും അംഗങ്ങളും | 9–10 |
| 5 | പരാതികളും അന്വേഷണ വിചാരണയും | 10–11 |
| 6 | കമ്മീഷനിൽ 2025–26 വർഷം ലഭ്യമായ പരാതികളുടെ വിശദാംശങ്ങൾ | 11–12 |
| 7 | കമ്മീഷൻ സമർപ്പിച്ച പ്രധാന ശിപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാരസ്ഥാപനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകളും | 13–18 |
| 8 | അന്വേഷണവിചാരണയിലെ പ്രതിസന്ധികൾ | 19–19 |
| 9 | കമ്മീഷൻ നടത്തിയ സന്ദർശനങ്ങൾ | 20–23 |
| 10 | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്ട്, 2009 പ്രകാരമുള്ള പ്രവർത്തനങ്ങൾ | 24–36 |
| 11 | 2015 – ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ | 37–51 |
| 12 | 2025 വർഷത്തെ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ പോക്സോ (ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം) കണക്കുകളുടെ വിശകലനവും വ്യാഖ്യാനവും | 52–66 |
| 13 | പോക്സോ സെല്ലിന്റെ മറ്റ് പ്രവർത്തനങ്ങൾ | 67–74 |
| 14 | കമ്മീഷൻ സംഘടിപ്പിച്ച ഇതര പരിപാടികൾ | 75–83 |
| 15 | കുട്ടികൾക്കായി “റേഡിയോ നെല്ലിക്ക” | 84–87 |
| 16 | പബ്ലിക് റിലേഷൻസ് | 88–89 |
| 17 | ബഡ്ജറ്റും ധനകാര്യവും | 90–92 |
| 18 | അനുബന്ധം 1, 2 | 94–96 |

# ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട് – സി.പി.സി.ആർ) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ പതിമൂന്നാമത്തെ വാർഷിക റിപ്പോർട്ടാണിത്.

രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാനഘടകങ്ങളിലൊന്നാണ് കുട്ടികൾ. കുട്ടിയുടെ സമഗ്രമായ വികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ പ്രാഥമിക കർത്തവ്യമാണ്. സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ കുട്ടികളുടെ അതിജീവനം, ഉന്നമനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. ശിശുകേന്ദ്രീകൃത സമൂഹം എന്ന കാഴ്ചപ്പാട് അനുസൃതമായി കുട്ടികളുടെ ക്ഷേമം, സംരക്ഷണം, വിദ്യാഭ്യാസം, അവകാശങ്ങൾ, വികസനം എന്നിവയ്ക്ക് മുൻഗണന നൽകേണ്ടത് അനിവാര്യമാണ്.

ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ബാലാവകാശ സംരക്ഷണത്തിന് അനുസൃതമാണ് സർക്കാർ സംവിധാനങ്ങളും എന്ന് ഉറപ്പാക്കുക എന്നതാണ് കമ്മീഷന്റെ പ്രാഥമിക ചുമതല. കുട്ടികളുടെ അവകാശലംഘനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടിക്ക് ശുപാർശ ചെയ്യുക എന്നത് കമ്മീഷന്റെ പ്രധാന കർത്തവ്യമാണ്. കുട്ടികളുമായി ബന്ധപ്പെട്ട നയങ്ങളിലും പരിപാടികളിലും സർക്കാരിനും ബന്ധപ്പെട്ട വകുപ്പിനുമാണ് കമ്മീഷൻ നിർദ്ദേശം നൽകുന്നത്. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് പരിശീലനങ്ങളും ശില്പശാലകളും കൂടിയാലോചനാ യോഗങ്ങളും നടത്തുകയും മറ്റും കമ്മീഷന്റെ ചുമതലകളിൽ ഉൾപ്പെടുന്നു.

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട്, 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കുന്നതോടൊപ്പം 2025-26 വർഷത്തേയ്ക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും പ്രവർത്തനങ്ങളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായും ഉടനടി തീരുമാനം കൈക്കൊള്ളുന്നതിനും ജില്ലാതലത്തിൽ തന്നെ കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുക, വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകൾക്കും സർക്കാരിനും ശുപാർശയായി സമർപ്പിക്കുക എന്നതും ചെയ്തുവരുന്നു.

കുട്ടികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ തുടങ്ങിയ പരാതികൾ പൊതുജനങ്ങൾക്ക് കമ്മീഷനിൽ, സമർപ്പിക്കുന്നതിനായി ഓൺലൈൻ കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി. ഇത്തരത്തിൽ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കാലതാമസം കൂടാതെ ഓൺലൈനായി ഫയൽ ചെയ്ത് വേഗത്തിൽ പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012, ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നീ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണ സംവിധാനമായി ആർ.റ്റി.ഇ., പോക്സോ, ജെ.ജെ സെല്ലുകളും പ്രവർത്തിക്കുന്നു.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ നിയമം, 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം, 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്. അതിന്റെ ഭാഗമായി 2025-2026 വർഷത്തിൽ കുട്ടികളുടെ അവകാശങ്ങൾ മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നിയമങ്ങളിലും ചട്ടങ്ങളിലും നയപരമായ മാറ്റങ്ങൾക്കും മെച്ചപ്പെടുത്തലുകൾക്കും വേണ്ടി ബന്ധപ്പെട്ട കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ബാലാവകാശ നിയമങ്ങളെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും ത്രിദിന കോൺക്ലേവ് സംഘടിപ്പിച്ചു. ഓരോ കുട്ടിയുടെയും സുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം അവരുടെ അവകാശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസേഴ്സ്, അധ്യാപകർ, സ്കൂൾ കൗൺസിലർമാർ, ശിശു സംരക്ഷണ സ്ഥാപന അധികാരികൾ, പട്ടികവർഗ്ഗ പ്രമോട്ടർമാർ തുടങ്ങിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഭിന്നശേഷി കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുക, പോക്സോ അതിജീവിതരായ കുട്ടികൾക്കുള്ള നഷ്ടപരിഹാരം കാലതാമസം

കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടി, കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുക, ശൈശവ വിവാഹം തടയുക, ബാലക്ഷേമ സുരക്ഷാ സമിതികളുടെ പ്രവർത്തനം വിലയിരുത്തുക, ശിശു കേന്ദ്രീകൃത ദുരന്തനിവാരണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുക, ബാലസൗഹൃദ രക്ഷാകർതൃത്വം പ്രാവർത്തികമാക്കുക, ബാലവേല – ബാല വിവാഹ വിമുക്ത കേരളം, പോക്സോ ആക്ട്, ജെ. ജെ ആക്ട്, ആർ. റ്റി. ഇ ആക്ട് എന്നിവയുടെ കൃത്യമായ നടത്തിപ്പ് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുക എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ കൂടിയാലോചന യോഗങ്ങൾ സംഘടിപ്പിച്ചു.

കമ്മീഷന്റെ പ്രവർത്തനങ്ങൾ കൃത്യമായി പൊതുജനങ്ങളിലേയ്ക്കും വിവിധ പദ്ധതി പങ്കാളികളിലേയ്ക്കും എത്തിക്കുന്നതിനായി സമഗ്രമായ വെബ് സൈറ്റ് നിലവിലുണ്ട്. എക്സ് (ട്വിറ്റർ), യുട്യൂബ് മുതലായ നവമാധ്യമങ്ങളിലൂടെയും കമ്മീഷൻ നിറസാന്നിദ്ധ്യമായി തുടരുന്നു.

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷൻ ആക്റ്റ് (സി.പി.സി.ആർ. ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം, 2009 (ആർ.റ്റി.ഇ ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമം, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം, 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും ആണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്:

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക
- കമ്മീഷന് യുക്തമെന്ന് തോന്നുന്ന പക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക

- ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക
- ഭീകരപ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ചൂഷണം, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരടേതുൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക
- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക
- ബാലാവകാശ മേഖലകളിൽ ഗവേഷണം നടത്തുകയും അത് പ്രോൽസാഹിപ്പിക്കുകയും ചെയ്യുക
- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റുമാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളോ മറ്റ് താമസസ്ഥലമോ കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്ന് കാണുന്ന പക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക

- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘിക്കലും, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും ചെയ്യുക

*ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്.*

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാരസ്ഥാപനത്തോടോ ശുപാർശ ചെയ്യുക
- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹു. സുപ്രീം കോടതിയേയോ ഹൈക്കോടതിയേയോ സമീപിക്കുക
- ഇടക്കാല ആശ്വാസം പീഡിതനോ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാപനത്തോടോ ശുപാർശ ചെയ്യുക

*സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.*

ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിലെ 2(സി) വകുപ്പിൽ നിർവചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ, വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ ആക്റ്റിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻ കീഴിലുള്ള അപ്പീൽ അധികാരസ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

***ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും***

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമം, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷിക്കുന്നതാണ്:

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്
- ഈ കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം
- വിചാരണഘട്ടത്തിലും വിചാരണയ്ക്കുമുമ്പോ കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മനഃശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗ നിർദ്ദേശങ്ങളുടെ നടപ്പാക്കലും
- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും
- പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി

സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും

*ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്ട്, 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും*

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമത്തിലെ 109-ാം വകുപ്പ പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. 2016 ജനുവരി 15 നാണ് ടി ആക്ട് പ്രാബല്യത്തിൽ വന്നത്. ഈ ആക്ടുമായി ബന്ധപ്പെട്ട് മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽ പ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 110-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണ കർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി നിയമത്തിലെ നിരീക്ഷണ ഓൺലൈൻ സംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

# കേരളത്തിൽ ബാലാവകാശ സംരക്ഷണത്തിന്റെ പ്രസക്തി

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ ബാലസംരക്ഷണ സമിതികൾ തദ്ദേശീയതലത്തിൽ ശാക്തീകരിക്കുന്നതിന്റെ മുന്നോടിയായി ഘട്ടംഘട്ടമായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശതലത്തിൽ കുട്ടികളുടെ വിഷയങ്ങൾ സൗഹാർദ്ദപരമായി കൈകാര്യം ചെയ്യുന്നതിനും സമസ്ത മേഖലകളിലും ബാലസൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും പുതിയ ചുവടുവെപ്പുകൾ ആവശ്യമാണ്. അതിന് തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുതല ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് സമൂഹത്തിൽ നിന്നും മാത്രമല്ല കുടുംബത്തിൽ നിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഒരു

കുട്ടിയെ ഉത്തരവാദിത്വമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. നല്ല നളേക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന ബാല്യത്തിനായി കുട്ടികളായിരിക്കുമ്പോൾ തന്നെ അവർക്ക് മൂല്യങ്ങൾ പകർന്നു കൊടുക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും സമൂഹത്തിനും കഴിയണം. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽ നിന്നുപോലും പീഡനങ്ങളും ലൈംഗിക ചൂഷണവും നേരിടേണ്ടി വരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾപോലും വീട്ടിനുള്ളിൽ ലൈംഗിക പീഡനത്തിന് ഇരയാകുന്നു. കുടുംബാഗംങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തിനുള്ളിൽ മനസ്സു തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് നയിക്കപ്പെടുന്നു.

വിവിധ മേഖലകളിൽ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം. പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും കൈകാര്യം ചെയ്യുവാൻ വകുപ്പുതല ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ, അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി അവരുമായി പങ്കുവെയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും, അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

# കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നൽകിയിട്ടുണ്ട്.

മൂന്നാം കമ്മീഷൻ ചെയർപേഴ്സണായി 17/08/2023-ലെ സ.ഉ(അച്ചടി) നമ്പർ 3/2023/വശിവിവ ഉത്തരവ് പ്രകാരം കെ.വി.മനോജ്കുമാർ നാലാം കമ്മീഷൻ ചെയർപേഴ്സണായി 18/08/2023-ൽ ചുമതലയേറ്റു. 04/03/2024 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ3/2024/വ.ശി.വി.വ പ്രകാരം കെ.കെ.ഷാജു, ഡോ.വിൽസൺ എഫ്, സിസിലി ജോസഫ്, മോഹനകുമാർ.ബി എന്നിവർ 07/06/2024-ന് കമ്മീഷൻ അംഗങ്ങളായി ചുമതലയേറ്റു. ജലജമോൾ റ്റി.സി, ഷാജേഷ് ഭാസ്കർ.പി എന്നിവർ 30/10/2025 തിയതിയിലെ G.O (P) No. 5/2025/WCDD ഉത്തരവ് പ്രകാരം 01/11/2025-മുതൽ കമ്മീഷനിലെ അംഗങ്ങളായി ചുമതലയേറ്റു.

## കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ ഗവ.സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ നിയമ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ

നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമേ സാങ്കേതിക സഹായത്തിനും മറ്റുമായി കൺസൽട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

## പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2743 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടേയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽ നിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സിസി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലകളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരേയും എതിർകക്ഷികളേയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാപനത്തിനും നൽകുകയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

കമ്മീഷനിൽ ലഭിച്ച കേസുകളിൽ വിവിധ പരാതികളിലായി പലവിധ ബാലാവകാശ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശ നിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. ബാലനീതി നിയമപ്രകാരമുള്ള കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് താരതമ്യേന കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി

സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരത്തിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാക നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ 6 മുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബനധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളു. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

## കമ്മീഷനിൽ 2025–26 വർഷം ലഭ്യമായ പരാതികളുടെ വിശദാംശങ്ങൾ

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 2 ശതമാനത്തോളം ആർ.റ്റി.ഇ നിയമവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ ഏറെയും അടിസ്ഥാന സൗകര്യങ്ങൾ, ജനനസർട്ടിഫിക്കറ്റ്, അധ്യാപകരുടെ അഭാവം, ഗതാഗതത്തിന്റെ പ്രശ്നം, കളിസ്ഥലത്തിന്റെ അപര്യാപ്തത, അധ്യാപകരിൽ നിന്ന് കുട്ടികൾ നേരിടുന്ന വിവേചനം, സാനിറ്റേഷൻ പ്രശ്നങ്ങൾ എന്നിവയാണ്. കൂടാതെ പോക്സോ, ബാലനീതി, ബാലാവകാശ



ലംഘനം, കുട്ടികളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും ലഭ്യമായിട്ടുണ്ട്. അവയുടെ രേഖാചിത്രം താഴെ കൊടുക്കുന്നു.

**പരാതികൾ സംബന്ധിച്ച വിശദവിവരങ്ങൾ**

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ, പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവയുടെയും വിശദവിവരങ്ങൾ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു.

**ജില്ലകളും പരാതികളുടെ എണ്ണവും (2025 ഏപ്രിൽ മുതൽ 2026 മാർച്ച് വരെ)**

| ക്രമ നം. | ജില്ല | ആകെ എണ്ണം | ആർ.റ്റി.ഇ | പോക്സോ | ജെ.ജെ | ബാലാവകാശ ലംഘനം അല്ലാത്തത് | ബാലാവകാശ ലംഘനം ഉള്ളവ | മറ്റുള്ളവ | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | തിരുവനന്തപുരം | 692 | 16 | 12 | 8 | 1 | 647 | 9 | 345 |
| 2 | കൊല്ലം | 231 | 5 | 4 | 0 | 1 | 220 | 2 | 133 |
| 3 | പത്തനംതിട്ട | 97 | 0 | 2 | 0 | 0 | 95 | 0 | 48 |
| 4 | ആലപ്പുഴ | 151 | 3 | 3 | 2 | 0 | 140 | 3 | 109 |
| 5 | കോട്ടയം | 118 | 0 | 1 | 0 | 0 | 116 | 1 | 75 |
| 6 | ഇടുക്കി | 86 | 0 | 3 | 0 | 0 | 82 | 1 | 67 |
| 7 | എറണാകുളം | 255 | 12 | 10 | 4 | 0 | 224 | 5 | 142 |
| 8 | തൃശ്ശൂർ | 168 | 0 | 6 | 1 | 2 | 159 | 2 | 120 |
| 9 | പാലക്കാട് | 133 | 8 | 3 | 1 | 0 | 121 | 0 | 60 |
| 10 | മലപ്പുറം | 250 | 13 | 16 | 0 | 2 | 218 | 3 | 109 |
| 11 | കോഴിക്കോട് | 196 | 2 | 1 | 0 | 4 | 189 | 4 | 91 |
| 12 | വയനാട് | 52 | 0 | 2 | 2 | 0 | 48 | 0 | 23 |
| 13 | കണ്ണൂർ | 199 | 0 | 3 | 0 | 1 | 194 | 2 | 117 |
| 14 | കാസറഗോഡ് | 117 | 1 | 5 | 2 | 0 | 107 | 2 | 68 |

# കമ്മീഷൻ സമർപ്പിച്ച പ്രധാന ശിപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാര സ്ഥാപനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകളും

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നിർവ്വഹിച്ചുവരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്. കമ്മീഷന്റെ പരിഗണനയിൽ വന്നിട്ടുള്ള അത്തരം കേസുകളിൽ ഉചിതമായ ഉത്തരവുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ കുട്ടികളുടെ ശാരീരികമായും മാനസിക മായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായുമുള്ള വികാസത്തിനും ഉന്നതിക്കും വേണ്ടിയുള്ളവയും ബാലാവകാശ ധ്വംസനങ്ങൾ തടയുന്നവയുമാണ്. 2024–25 വർഷത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അത്തരം പ്രധാനപ്പെട്ട ഉത്തരവുകളിൽ ചിലത് താഴെ വിവരിക്കുന്നു.

| ക്രമ നം. | കേസ് നമ്പർ | വിഷയം | സർക്കാർ/ മറ്റ് അധികാര സ്ഥാനത്തിന് നൽകിയ ശുപാർശ |
|---|---|---|---|
| 1 | സി.ആർ.എം.പി നമ്പർ 00819/03/26 സി.ആർ.എം.പി നമ്പർ 00814/10/26 സി.ആർ.എം.പി നമ്പർ 00822/11/26 | വേനൽക്കാലത്ത് സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ സ്പെഷ്യൽ ക്ലാസ്സ് നിർത്തണമെന്നും അംഗൻവാടികൾക്ക് അവധി നൽകണമെന്നുമാണ് ഹർജി സംഗതി. | അംഗൻവാടികളിൽ മതിയായ കുടിവെള്ള സൗകര്യം, വായുസഞ്ചാരം എന്നിവ ഉറപ്പ് വരുത്തണം. അംഗൻവാടികളിൽ വരാത്ത കുട്ടികൾക്ക് പോഷകാഹാരം വീട്ടിൽ എത്തിച്ച് നൽകണമെന്നും കമ്മീഷൻ ശിപാർശ നൽകി. |
| 2 | സി.ആർ.എം.പി നമ്പർ 00444/03/25 | ആൾമറയില്ലാത്ത കിണറുകൾ കൈവരി കെട്ടി സംരക്ഷിക്കണമെന്ന് പഞ്ചായത്ത് രാജ് ആക്റ്റിൽ പറയുന്നുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തി പഞ്ചായത്തുകൾ നിർവ്വഹിക്കാത്തതിനാൽ കുട്ടികളുടെ ജീവൻ അപകടത്തിൽ പെടുന്നു എന്നും ആയതിനാൽ ആൾമറയില്ലാത്ത കിണറുകൾ കൈവരി | ആൾമറയില്ലാത്ത കിണറുകൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശിപാർശ നൽകി കമ്മീഷൻ ഹർജി തീർപ്പാക്കി. |

| | | | |
|---|---|---|---|
| | | കെട്ടുന്നതിന് പഞ്ചായത്തിന് നിർദേശം നൽകണമെന്നതാണ് പരാതി സംഗതി. | |
| 3 | സി.ആർ.എം.പി നമ്പർ 01242/07/25 | മരവ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്തു വരുന്ന അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കണമെന്നതാണ് ഹർജി സംഗതി. | അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് ശ്രദ്ധയും, സംരക്ഷണവും, വിദ്യാഭ്യാസവും ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള മാതൃകാ പദ്ധതി ആരംഭിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ നൽകി ഉത്തരവായി. |
| 4 | സി.ആർ.എം.പി നമ്പർ 02084/07/25 | ഫുട്ബോൾ അക്കാഡമിയിലെ കായികതാരങ്ങളോട് കോച്ച് നടത്തുന്ന മാനസിക പീഡനം കുട്ടികളുടെ പരിശീലനത്തെയും പഠനത്തെയും ദോഷകരമായി ബാധിക്കുന്നു എന്നും ആയത് പരിഹകരിക്കണമെന്നും ആണ് ഹർജി സംഗതി. | കുട്ടികളുടെ പഠനം പൂർത്തിയാകുന്നത് വരെയുള്ള എല്ലാ ക്രമീകരണം നടത്തുന്നതിനും കോച്ചിനെ മാറ്റി നിയമിക്കുന്നതിനും ശിപാർശ നൽകി ഉത്തരവായി. |
| 5 | സി.ആർ.എം.പി നമ്പർ 02599/11/25 | മാധ്യമങ്ങളിൽ റേറ്റിംഗ് ഉയർത്തുന്നതിന്റെ ഭാഗമായി കുട്ടികൾ പാട്ടു പാടുന്നതിന്റെ ദൃശ്യങ്ങൾ കുട്ടികളുടെ വ്യക്തിവിവരം ലഭ്യമാകുന്ന തരത്തിൽ സംപ്രേഷണം ചെയ്യുന്നത് കുട്ടികളുടെ മാനസിക ആരോഗ്യത്തെ ബാധിക്കുന്നു എന്നും ആയതിനാൽ അത്തരം പ്രവണത വിലക്കണമെന്നുമാണ് ഹർജി സംഗതി. | ഭാവിയിൽ കുട്ടികളുമായി ബന്ധപ്പെട്ട പ്രകടനങ്ങൾ അവരുടെ സമ്മതമില്ലാതെ റേറ്റിംഗ് കൂട്ടുന്നതിനായി ഉപയോഗിക്കുന്നത് വിലക്കുകയും, കുട്ടികളുടെ വിവരങ്ങളോ സ്വകാര്യതയോ ബാധിക്കാതെ മാധ്യമങ്ങൾ കണ്ടന്റ് നിർമ്മിക്കാൻ പാടുള്ളു എന്ന് ശിപാർശ നൽകി ഉത്തരവായി. |
| 6 | സി.ആർ.എം.പി നമ്പർ 00473/11/25 സി.ആർ.എം.പി നമ്പർ 00554/11/25 | 01/03/2025 ലെ പത്രവാർത്തയിൽ ഇത് അവസാനിപ്പിച്ചേ മതിയാകു എന്ന വാർത്തയിൽ പത്താം ക്ലാസ്സുകാരുടെ കൂട്ടത്തല്ലിൽ ഒരു വിദ്യാർത്ഥി മരണപ്പെട്ടത് | വിദ്യാർത്ഥികളിലെ പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മൂല്യബോധം വളർത്തുന്നതിനും സമ്മർദ്ദം നിയന്ത്രിക്കുന്നതിനും നൈപുണ്യ പാഠ്യ പദ്ധതി അടുത്ത രണ്ട് |

| | | | |
|---|---|---|---|
| | | സംബന്ധിച്ച് കമ്മീഷൻ സ്വമേധയാ എടുത്ത പരാതി. | വർഷത്തിനുള്ളിൽ കേരളത്തിൽ നടപ്പിലാക്കുന്നതിനും വിദ്യാർത്ഥികൾക്ക് വ്യക്തി തലത്തിലും ഗ്രൂപ്പ് തലത്തിലും കൗൺസിലിംഗ് നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർദേശം നൽകി ഉത്തരവായി. |
| 7 | സി.ആർ.എം.പി നമ്പർ 00522/11/26 | വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതിനെതിരെ നൽകിയ പരാതി. | സ്കൂൾ കുട്ടികളെ കുത്തി നിറച്ച് കൊണ്ടുപോകുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകി ഉത്തരവായി. |
| 8 | സി.ആർ.എം.പി നമ്പർ 01035/05/2024 | ഭരണങ്ങാനം പഞ്ചായത്തിൽ സെന്റ്. അൽഫോൺസ ചർച്ചിനു സമീപം സ്ഥിതി ചെയ്യുന്ന സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂളിലെ കുട്ടികളോട് അധ്യാപകർ പരുഷമായി പെരുമാറുന്നതും, Non – Christian കുട്ടികളെ അവഗണിക്കുന്നതും, നിർബന്ധമായ മത പഠനത്തിനു വിധേയമാക്കുന്നതും മറ്റും സംബന്ധിച്ച്. | ഹർജി വിഷയത്തിൽ പ്രസ്തുത സ്കൂളിൽ വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി വിദ്യാഭ്യാസം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നുണ്ടോ എന്നും, മതേതരത്വം സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നും, ഏതെങ്കിലും തരത്തിൽ വിവേചനങ്ങളോ, നീതിരഹിതമായ പ്രവർത്തനങ്ങളോ, ഏതെങ്കിലും വിധത്തിലുള്ള ബാലാവകാശ ലംഘനങ്ങൾ എന്നിവയോ നടക്കുന്നതായി ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും, പ്രസ്തുത സ്കൂളിനെ ORC പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്കാവശ്യമായ സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും സ്കൂൾ അധികൃതർ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ കൗൺസിലിംഗ് സേവനം അടക്കം നടത്തുന്നതിനുള്ള ചുമതല ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർക്ക് നിർദേശം നൽകി ഉത്തരവായി. |
| 9 | സി.ആർ.എം.പി നമ്പർ 00805/04/2023 | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ മക്കളുടെ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ വിവരശേഖരണം നടത്തുന്നതിനും ഭാഷാ വിവർത്തകരുടെ സഹായത്തോടെ പ്രത്യേക പോലീസ് സെൽ രൂപീകരിക്കുന്നതിനും ആവശ്യപ്പെട്ടുള്ള ഹർജി. | തദ്ദേശസ്ഥാപനങ്ങളിലെ ചൈൽഡ് പ്രൊട്ടക്ഷൻ ആൻഡ് വെൽഫെയർ കമ്മിറ്റി മുഖേന അതിഥി തൊഴിലാളികളുടെ കുട്ടികളുടെ വിവരശേഖരണം നടത്താനും, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ വഴി ആവശ്യമായ സേവനങ്ങളും ബോധവൽക്കരണവും ഭാഷാ വിവർത്തകരുടെ സഹായം ലഭ്യമാക്കുവാനും ശിപാർശ നൽകി. സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് 60 ദിവസത്തിനകം സമർപ്പിക്കാൻ നിർദേശിച്ച് ഹർജി തീർപ്പാക്കി. |
| 10 | സി.ആർ.എം.പി നമ്പർ 00503/04/2025 | ആലപ്പുഴയിലെ ശ്രീ നാരായണ വിശ്വ ധർമ്മ മഠം എന്ന സ്ഥാപനത്തിൽ നിയമാനുസൃത രജിസ്ട്രേഷൻ ഇല്ലാതെ കുട്ടികളെ താമസിപ്പിക്കുന്നതായും, കുട്ടികളുടെ പേരിൽ പണപ്പിരിവ് നടത്തുന്നതായും ആരോപിച്ചുള്ള പരാതി. | സ്ഥാപനത്തിലുണ്ടായിരുന്ന കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി സി.ഡബ്ല്യു.സി മുഖേന ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കാൻ നിർദേശം നൽകി. ആരാധനാലയത്തിന്റെ മറവിൽ സാമ്പത്തിക നേട്ടം ലക്ഷ്യമിട്ട് പ്രവർത്തിച്ചിട്ടുണ്ടോ എന്നതിന്മേൽ അന്വേഷണത്തിന് DPC യ്ക്ക് ശിപാർശ നൽകി. |
| 11 | സി.ആർ.എം.പി നമ്പർ 00529/10/2025 | ശാരീരികമോ വൈകാരികമോ ആയ കാരണങ്ങളാൽ കുട്ടികളെ സറണ്ടർ ചെയ്യാൻ ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ കുട്ടിയുള്ള സ്ഥലത്ത് നേരിട്ടെത്തി | കുട്ടികളെ സറണ്ടർ ചെയ്യുന്ന നടപടിക്രമങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കാൻ സംസ്ഥാനത്തെ 14 ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും നിർദേശം നൽകി. കുട്ടികളുടെയും രക്ഷിതാക്കളുടെയും |

| | | | |
|---|---|---|---|
| | | നടപടികൾ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജി. | സ്വകാര്യതയും ഉത്തമതാത്പര്യവും സംരക്ഷിക്കണമെന്ന് വ്യക്തമാക്കി ഹർജി തീർപ്പാക്കി. |
| 12 | സി.ആർ.എം.പി നമ്പർ 02527/09/2025 | അയൽവാസി സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ തന്റെ വീടിന്റെ സ്വകാര്യതയെ ഹനിക്കുന്നുവെന്നും ഇത് ദൈനംദിന ജീവിതത്തെ ബാധിക്കുന്നുവെന്നും കാണിച്ച് പെൺകുട്ടി സമർപ്പിച്ച പരാതി. | കമ്മീഷൻ നിർദേശപ്രകാരം പോലീസ് നടത്തിയ അന്വേഷണത്തിൽ ക്യാമറകൾ നീക്കം ചെയ്തതായി ബോധ്യപ്പെട്ടു. CCTV കൾ വ്യക്തിഹത്യകൾക്കും സ്വകാര്യതയെ ബാധിക്കുന്നതിനോ സ്വൈര്യജീവിതത്തിന് വിഘാതമാകുന്ന തരത്തിലോ ആവരുത് എന്ന നിർദേശത്തോടെ കുട്ടിയുടെ സ്വകാര്യത ഉറപ്പാക്കി ഹർജ തീർപ്പാക്കി. |
| 13 | സി.ആർ.എം.പി നമ്പർ 01315/01/2025 | ഹർജികക്ഷിയുടെ ചെറുമകന് തിരുവനന്തപുരം ജില്ലയിലെ SIMC സ്പെഷ്യൽ സ്കൂൾ ഹോസ്റ്റലിൽ നിന്ന് പഠിക്കാൻ അനുവദിക്കാത്തത് സംബന്ധിച്ച്. | സർക്കാർ/മറ്റ് അധികാര സ്ഥാപനത്തിൽ നൽകിയ ശിപാർശ – കുട്ടിക്ക് പാങ്ങപ്പാറ സ്പെഷ്യൽ സ്കൂൾ ഹോസ്റ്റലിൽ പ്രവേശനം നൽകി കുട്ടിയുടെ തുടർവിദ്യഭ്യാസം പൂർത്തിയാക്കുവാൻ ഡയറക്ടർക്ക് നിർദേശം നൽകി. ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുവാനും, പഠനം തടസ്സപ്പെടാൻ കാരണമായ വിഷയത്തിന് നടപടി സ്വീകരിക്കുവാനും നിർദേശിച്ചു. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ കുട്ടിയുടെ ഉത്തമതാത്പര്യം പരിഗണിക്കുകയും ഇത്തരം കുട്ടികളെ കുറിച്ച് റിപ്പോർട്ട് ചെയ്യുമ്പോൾ മാന്യമായി പദപ്രയോഗം നടത്തുവാനും നിർദേശിച്ചു. |
| 14 | സി.ആർ.എം.പി നമ്പർ 02117/01/2025 | ഹർജികക്ഷിയുടെ ചെറുമകനും, മാതാവ് ഉപേക്ഷിച്ചു പോയ കുട്ടി ഹൈപ്പർ ആക്ടീവ് ന് ചികിത്സാർത്ഥം | കുട്ടിയെ സ്കൂളിൽ പ്രവേശിപ്പിച്ച് 2026 മാർച്ചിൽ നടക്കുന്ന പത്താം ക്ലാസ്സ് പൊതു പരീക്ഷ എഴുതുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സ്കൂൾ |

| | | | |
|---|---|---|---|
| | | തുടർച്ചയായി സ്കൂളിൽ പോകാൻ കഴിയാറില്ലെന്ന കാരണത്താൽ സ്കൂൾ അധികൃതർ ടി.സി വാങ്ങി പോകുവാൻ നിർബന്ധിക്കുന്നുവെന്നും കുട്ടിക്ക് പത്താം ക്ലാസ്സ് പൊതുപരീക്ഷ (2026 മാർച്ച്) എഴുതി തുടർപഠനം സാധ്യമാക്കുന്നതിലേക്ക് സമർപ്പിച്ച പരാതി. | അധികൃതർക്ക് നിർദേശം നൽകി. കുട്ടിക്ക് ആവശ്യമെങ്കിൽ ചികിത്സയും കൗൺസിലിംഗും ഉറപ്പു വരുത്താൻ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നിർദേശം നൽകി. |
| 15 | സി.ആർ.എം.പി നമ്പർ 02552/06/2025 | ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ മൗണ്ട്-സത്രം, തേങ്ങാക്കൽ, ആനക്കുഴി റൂട്ടുകളിൽ തോട്ടം തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി ബസ് കൺസഷൻ ആനുകൂല്യം അനുവദിക്കുന്നതു സംബന്ധിച്ച പൊതുതാത്പര്യ ഹർജി. | കുമളി ഡിപ്പോയുടെ പരിധിയിൽ വരുന്ന വണ്ടിപ്പെരിയാർ - മൗണ്ട് സത്രം, തേങ്ങാക്കൽ, ആനക്കുഴി റൂട്ടുകളിൽ ആവശ്യത്തിന് ബസ് സർവ്വീസുകൾ ക്രമീകരിച്ച് വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ യാത്രാസൗജന്യം ഉറപ്പാക്കാൻ കെ.എസ്.ആർ.ടി.സി എം.ഡിക്ക് നിർദേശം നൽകി. |
| 16 | സി.ആർ.എം.പി നമ്പർ 01412/06/2025 | വിദ്യാലയങ്ങളിലെ വിവിധ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും വിദ്യാർത്ഥികൾക്ക് സംഘാടകരായും അവതാരകരായും നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതി. | സ്കൂൾ പരിപാടികളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനും, ദേശീയ അവധി ദിവസങ്ങളിൽ ഭരണഘടന, സ്വാതന്ത്ര്യ സമര ചരിത്രം, ശാസ്ത്ര ബോധം, സമത്വ മൂല്യങ്ങൾ എന്നിവയിൽ ബോധവൽക്കരണം നടത്താനും നിർദേശിച്ചു. ആഗസ്റ്റ് 28 വിദ്യാഭ്യാസ അവകാശ ദിനമായി ആചരിക്കാനും, സ്കൂളുകളിൽ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് ലഭ്യമാക്കാനും വിദ്യാഭ്യാസ വകുപ്പ് അടക്കമുള്ള എതിർകക്ഷികൾക്ക് ശിപാർശ നൽകി. |

# അന്വേഷണ വിചാരണയിലെ പ്രതിസന്ധികൾ

ബാലാവകാശ ലംഘനം, ബാലാവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശിപാർശകൾ നല്കുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശിപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാനാവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭിക്കുന്നത് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഇത് ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

# കമ്മീഷൻ നടത്തിയ സന്ദർശനങ്ങൾ

- നിലമ്പൂർ പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരണപ്പെട്ട കുട്ടിയുടെ വീട് കമ്മീഷൻ ചെയർപേഴ്സൺ മനോജ്കുമാർ.കെ.വി 9/6/2025 ന് സന്ദർശിക്കുകയും ജില്ലാ ശിശു വികസന ഓഫീസർ, സ്റ്റേഷൻ ഹൌസ് ഓഫീസർ എന്നിവരുമായി ചർച്ച നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു
- പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ അർജുൻ എന്ന വിദ്യാർത്ഥി ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് കമ്മീഷൻ ചെയർപേഴ്സൺ സ്കൂൾ സന്ദർശിക്കുകയും സ്കൂൾ ഹെഡ് മാസ്റ്റർ , ജില്ലാ ശിശു വികസന ഓഫീസർ, സ്റ്റേഷൻ ഹൌസ് ഓഫീസർ എന്നിവരുമായി കൂടിയാലോചന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു
- ശബരിമല ദർശനവുമായി ബന്ധപ്പെട്ട് കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ, കമ്മീഷനംഗങ്ങളായ ബി. മോഹൻകുമാർ, കെ.കെ ഷാജു എന്നിവർ 2026 ജനുവരി 1 ന് ശബരിമല സന്ദർശനം നടത്തുകയും കുട്ടികളോട് നേരിട്ട് പ്രശ്നങ്ങൾ

ചോദിച്ച മനസ്സിലാക്കി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

- ബഹു. കമ്മീഷൻ അംഗം ഷാജു കെ. കെ, 23-01-2025 ന് എറണാകുളം, ആലുവയിലെ എസ്ഒഎസ് ചിൽഡ്രൻസ് വില്ലേജിലെ വാർഷികാഘോഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. 28-07-2025 ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്റ്റുഡന്റ്സ് മെഡിക്കൽ റിസർച്ചിന്റെ 15-ാമത് നാഷണൽ കോൺഫറൻസിൽ 'Addressing Violence and Abuse in Adolescence' എന്ന പേപ്പർ അവതരിപ്പിച്ചു. 30-08-2025 ന് കാക്കനാട് ഗവ. ചിൽഡ്രൻസ് ഹോമിലെ ഓണാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. 06-11-2025 ന് തിരുവനന്തപുരം കെടിഡിസി യിൽ ശിശു സംരക്ഷണ പ്രവർത്തകർക്കായി വനിതാ-ശിശുവികസന വകുപ്പ് സംഘടിപ്പിച്ച പരിപാടിയിൽ 'Promoting Family Based Alternative Care' എന്ന സെഷൻ കൈകാര്യം ചെയ്തു. 20-11-2025 ന് ഇടുക്കിയിൽ സ്കൂൾ കൗൺസിലേഴ്സിനു വേണ്ടി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. 19-01-2026 ന് കളമശ്ശേരിയിൽ ഡിസിപിയു സ്റ്റാഫ് അംഗങ്ങൾക്കു വേണ്ടി സോഷ്യൽ ഓഡിറ്റ് ട്രെയിനിംഗ് ഉദ്ഘാടനം ചെയ്തു.
- ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാറിലെ തോട്ടം മേഖലകളിൽ താമസിക്കുന്ന കുട്ടികളുടെ അവസ്ഥ അവലോകനം ചെയ്യുന്നതിനായി ബഹു. കമ്മീഷൻ അംഗങ്ങളായ ഷാജു കെ. കെ , മോഹൻകുമാർ ബി, ഡോ. വിൽസൺ. എഫ് എന്നിവർ 19-03-2025 ന് വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ടാസ്ക് ഫോഴ്സ് യോഗത്തിൽ പങ്കെടുത്തു.
- കമ്മീഷൻ അംഗം സിസിലി ജോസഫ്, 15/04/2025 ന് തളിപ്പറമ്പ് പോക്സോ കോടതി സന്ദർശിക്കുകയും, ആയത് ശിശു സൗഹൃദമല്ലാത്തതിനാൽ അപ്രകാരം ആക്കുന്നതിനു വേണ്ട നിർദേശങ്ങളും നൽകി. 21/07/2025 ന് നയാര എനർജി എന്ന കമ്പനിയുടെ ഇന്ധന ചോർച്ചയുമായി ബന്ധപ്പെട്ട് മലപ്പുറം ഫാത്തിമാപുരം ചാരിറ്റബിൾ ബോർഡിംഗ് ഹോം സന്ദർശിക്കുകയും, തുടർനടപടികൾ സ്വീകരിക്കാൻ കർത്തവ്യവാഹകർക്ക് നിർദേശം നൽകി. അതോടൊപ്പം, കെ.എസ്.ഇ.ബി ട്രാൻസ്ഫോർമർ അപകടനിലയിലായിരുന്ന പരിയാപുരം ഫാത്തിമാ എൽ.പി സ്കൂൾ സന്ദർശിച്ച് പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റുന്നതിനായി കെ.എസ്.ഇ.ബി ക്ക് നിർദേശം നൽകി. 18/01/2026 ന് കൊല്ലം സായിസെന്ററിൽ രണ്ട് കുട്ടികൾ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലം സന്ദർശിച്ച്, മരണപ്പെട്ട കുട്ടിയുടെ വീട് സന്ദർശിക്കുകയും, പോലീസ്

കമ്മീഷണറുമായി ചർച്ച ചെയ്ത് തുടരന്വേഷണം ത്വരിതപ്പെടുത്താൻ നിർദേശം നൽകി.

- കമ്മീഷൻ അംഗം ജലജാമോൾ റ്റി. സി, 14/11/2025 ന് അമ്പലപ്പുഴ മോഡൽ ഹയർ സെക്കൻഡറി സ്കൂൾ സന്ദർശനം നടത്തുകയും, അന്നേ ദിവസം ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച “സൈബർ ലോകം അവസരങ്ങളും വെല്ലുവിളികളും“ എന്ന പരിപാടി ഉദ്ഘാടനവും ചെയ്തു. അതോടൊപ്പം, ആലപ്പുഴ കെ.കെ.കെ.പി.എസ്.ജി.എച്ച്.എസ് കരുമാടി എന്ന സ്കൂൾ സന്ദർശിച്ചു. ആലപ്പുഴ ജില്ലയിൽ കുട്ടനാട് തകഴിയിൽ സ്ഥിതി ചെയ്യുന്ന ടി സ്കൂൾ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതായും, സ്കൂൾ ഗ്രൗണ്ടിന്റെ പ്രവർത്തനം നടന്നു വരുന്നതായും കമ്മീഷന് ബോധ്യപ്പെട്ടു. 15/11/2025 ന് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ സന്ദർശിച്ച്, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചു. കളിസ്ഥലത്തിന്റെ അഭാവം നിലനിൽക്കുന്നതായി ബോധ്യപ്പെട്ടു. സ്കൂളിനോട് ചേർന്ന് കുട്ടികൾക്കു വേണ്ടി ഫിറ്റ്നെസ് സെന്റർ, ഹോസ്റ്റൽ സൗകര്യങ്ങൾ, അടുക്കള എന്നിവ പരിശോധിച്ച്, എല്ലാം തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടു. കുട്ടികളുടെ സർഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ഇടപെടൽ എസ് ടി ഡിപ്പാർട്ട്മെന്റ് നടത്തുന്നു എന്നത് ബോധ്യപ്പെട്ടു. അന്നേ ദിവസം, തിരുവഞ്ചൂർ ബോയ്സ് ഹോം സന്ദർശിക്കുകയും, സ്ഥാപനത്തിലെ കുട്ടികളുമായി സംവാദം നടത്തുകയുമുണ്ടായി. 19/11/2025 ന് തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സന്ദർശിച്ചു. പ്രീകെജി മുതൽ പ്രവർത്തിക്കുന്ന, തൃശ്ശൂർ നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂളിന്റെ പരിസരം ശുചീകരിക്കുന്നതിനും, തൃശ്ശൂർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്കൂൾ ഗ്രൗണ്ടിൽ മുറിച്ചുമാറ്റപ്പെട്ട മരങ്ങൾ നീക്കം ചെയ്യാത്തതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ, സ്കൂളിൽ സജ്ജീകരിച്ചിട്ടുള്ള പാർക്കിന്റെ ശോചനീയാവസ്ഥ എന്നിവ നേരിൽ ബോധ്യപ്പെട്ടുകയും, വിഷയത്തിൽ സ്വമേധയാ കമ്മീഷൻ കേസ് നടപടി സ്വീകരിച്ച് തൃശ്ശൂർ കോർപ്പറേഷനിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ചെയ്തു. അന്നേ ദിവസം, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ സ്കൂൾ സന്ദർശിക്കുകയും, 2000 ത്തിലധികം കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂളിലെ അധ്യാപകരുമായി ആശയവിനിമയം നടത്തുകയും, ബാലാവകാശങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് അവബോധം നൽകുകയും ചെയ്തു.

- കമ്മീഷൻ അംഗം ഷാജേഷ് ഭാസ്കർ. പി, 09/11/2025 ന് മലപ്പുറം ജില്ലയിലെ മലപ്പുറത്തുള്ള ശിശുക്ഷേമ സമിതിക്കു കീഴിലെ സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി സന്ദർശിക്കുകയും, കുട്ടികളുടെ അഡോപ്ഷൻ, ഫോസ്റ്റർ കെയർ നടപടികൾ ത്വരിതപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തു. 14/11/2025 ന് മലപ്പുറം സെന്റ് ജെമ്മാസ് സ്കൂളിൽ വച്ച് കേരള ശിശുക്ഷേമ സമിതിയുടെ ശിശുദിന സംഗമവും യുദ്ധവിരുദ്ധ കൊളാഷ് പ്രദർശനവും ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അന്നേ ദിവസം ഉച്ചയ്ക്ക്, പാലക്കാട് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ 'സൈബർ ലോകം - അവസരങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ ക്ലാസ്സെടുക്കുകയും, പാലക്കാട് ജില്ലയിലെ കണ്ണാടി ഗവ. സ്കൂളിൽ ആത്മഹത്യ ചെയ്ത കുട്ടിയുടെ വീടും, സ്കൂളും സന്ദർശിക്കുകയും കമ്മീഷൻ സ്വമേധയാ കേസ്സ് എടുക്കുകയും ചെയ്തു. 15/11/2025 ന് തവനൂർ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ ബാലാവകാശ വാരാഘോഷം ഉദ്ഘാടനം ചെയ്തു. 18/11/2025 ന് മഞ്ചേരിയിലെ HMY എന്ന CCI യിലെ ജീവനക്കാർക്കും കുട്ടികൾക്കും പോക്സോ സെമിനാറിൽ ക്ലാസ് നയിച്ചു. 21/11/2025 ന് കോഴിക്കോട് DCP യൂണിറ്റിന്റെ നേതൃത്വത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ രംഗത്തെ വോളന്റിയേഴ്സിനും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും ബാലനീതിയെക്കുറിച്ചും ബാലാവകാശ സംരക്ഷണത്തെക്കുറിച്ചും ക്ലാസ്സ് നയിച്ചു. അതേ ദിവസം തന്നെ, മലപ്പുറം, കൊണ്ടോട്ടി വിദ്യാഭ്യാസ ജില്ലയിലെ ഒഴുകൂർ എന്ന പ്രദേശത്തെ എബിസി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വാഹനം തട്ടി കുട്ടി മരണപ്പെട്ട സംഭവത്തിൽ കുട്ടിയുടെ വീടും, സ്കൂളും സന്ദർശിക്കുകയും, നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂൾ അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ മലപ്പുറം ഡിഡിഇ ക്ക് നിർദേശം നൽകി. 06/12/2025 ന് പാലക്കാട് ജില്ലയിലെ അഗളിയിൽ വച്ച് എസ്. ടി പ്രമോട്ടർമാർക്കുള്ള ബോധവൽക്കരണ പരിപാടിയിൽ കുട്ടികളുടെ സംരക്ഷണ സംവിധാനങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. 18/12/2025 ന് കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോമിൽ വച്ച് കർത്തവ്യവാഹകർക്കുള്ള ബാലസംരക്ഷണങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. 20/12/2025 ന് ഡിസിപിയു, മലപ്പുറത്തിന്റെ നേതൃത്വത്തിൽ കർത്തവ്യവാഹകരുടെ അവലോകന യോഗത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ക്ലാസ്സ് നയിച്ചു. 12/01/2026 ന് കോഴിക്കോട് ജില്ലയിലെ, ഭിന്നശേഷി മേഖലയിലെ കർത്തവ്യവാഹകരുടെ യോഗത്തിൽ പങ്കെടുത്ത് SOP (Standard Operating Procedure) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിശദീകരണ ക്ലാസ്സ് നയിച്ചു. 27/01/2026 ന് പാലക്കാട് ജില്ലയിലെ വ്യാസവിദ്യാ ഭവൻ ഇംഗ്ലീഷ്

മീഡിയം സ്കൂളിലെ ഹോസ്റ്റലിൽ വച്ച് ആത്മഹത്യ ചെയ്ത കുട്ടിയുടെ വീടും സ്കൂളും സന്ദർശിക്കുകയും കുട്ടിയുടെ പിതാവിന്റെ പരാതിയിന്മേൽ കേസ്സ് എടുക്കുകയും ചെയ്തു.

- കമ്മീഷൻ അംഗം, ഡോ. വിൽസൺ. എഫ്, 15/04/2025 ന് ചെറുവാരക്കോണം സി.ഇ ഹോം കരുണാലയവും, 18/05/5025 ന് പൂജപ്പുര ഹോമും സന്ദർശിച്ച് കുട്ടികളുടെ പഠന-ഭക്ഷണ കാര്യങ്ങൾ അന്വേഷിച്ചറിയുകയും, പോരായ്മകൾ കണ്ടെത്തിയവയിൽ ആവശ്യമായ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്തു. 26/05/2025 ന് പരണീയം വി.എച്ച്.എസ്. സ്കൂളിൽ സംഘടിപ്പിച്ച ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലും 28/05/2025 ന് ഇവാൻസ് റ്റി.റ്റി.ഐ പാറശ്ശാലയിൽ വച്ചു നടന്ന റസിഡൻഷ്യൽ ക്യാമ്പിലും പങ്കെടുത്ത് കുട്ടികൾക്ക് ക്ലാസ്സെടുത്തു. 27/11/2025 ന് കൊല്ലം റ്റി.റ്റി.ഐ. സന്ദർശിക്കുകയും കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്ട്, 2009 പ്രകാരമുള്ള പ്രവർത്തനങ്ങൾ

## സംസ്ഥാനത്തെ ഹൈസ്കൂൾ അധ്യാപകർക്ക് ഏകദിന പരിശീലനം

കൗമാര പ്രായക്കാരായ കുട്ടികളുടെ ശാരീരിക-മാനസിക പ്രശ്നങ്ങളെ തിരിച്ചറിയാനും, പരിഹാരം നിർദ്ദേശിക്കാനും അധ്യാപകർക്ക് സാധിക്കേണ്ടതാണ്. അധ്യാപക-വിദ്യാർത്ഥി ബന്ധം സൗഹാർദ്ദപരമായ അന്തരീക്ഷത്തിലേക്ക് കൊണ്ടുവരികയും, വിദ്യാഭ്യാസ-മനഃശാസ്ത്ര സിദ്ധാന്തങ്ങളും ഉൾച്ചേർത്തുകൊണ്ടുള്ള ശാസ്ത്രീയ കാഴ്ച്ചപ്പാടോട് കൂടിയ സമീപന രീതി വിദ്യാലയാന്തരീക്ഷത്തിൽ നടപ്പിലാക്കാൻ അധ്യാപകരെ പരിശീലിപ്പിക്കണം. കേരളത്തിലെ 14 ജില്ലകളിലെയും ഹൈസ്കൂളുകളിലെ ഓരോ അധ്യാപകർക്ക് വീതം ബാലാവകാശ നിയമങ്ങൾ, കുട്ടികളുടെ മാനസിക ആരോഗ്യം, സൈബർ സുരക്ഷ എന്നീ വിഷയത്തിൽ പരിശീലനം നൽകി. പരിശീലനം ലഭിച്ച അധ്യാപകർ സ്കൂളിലെ മറ്റ് അധ്യാപകർക്കും, കുട്ടികൾക്കും പ്രസ്തുത വിഷയത്തിൽ ബോധവൽക്കരണം എത്തിക്കുക എന്നതാണ് ഈ പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**പരിശീലന പരിപാടിയുടെ ഒന്നാം ഘട്ടം കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട്, തൃശ്ശൂർ എന്നീ 7 ജില്ലകളിൽ ഒന്നാം ഘട്ടമായി നടന്നു. രണ്ടാം ഘട്ടം ഇടുക്കി, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ 7 ജില്ലകളിൽ നടന്നു.**

പരിശീലനത്തിന്റെ ഒന്നാം ഘട്ടം കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് എസ്.കെ പൊറ്റക്കാട് ഹാളിൽ ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ.വി മനോജ്കുമാർ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു. അധ്യാപനത്തെ ജോലി എന്നതിലുപരി മെച്ചപ്പെട്ട സമൂഹ സൃഷ്ടിക്കായുള്ള ഉത്തരവാദിത്വമായി അധ്യാപകർ കാണണമെന്ന് ചെയർപേഴ്സൺ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

സാമൂഹ്യ മാനസിക പ്രശനങ്ങൾ മാത്രമല്ല വിദ്യാർഥി സമൂഹം നേരിടുന്നതെന്ന തിരിച്ചറിവ് അധ്യാപകർക്കുണ്ടാകണം. സംസ്ഥാനത്താകെ നോൺ കമ്യൂണിക്കബിൾ രോഗ വിഭാഗത്തിൽപ്പെട്ട ടൈപ്പ്-1 പ്രമേഹബാധിതരായ 5000 കുട്ടികളുണ്ട്. ഇത്തരം ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ സംരക്ഷിക്കുന്ന സംവിധാനവും കരുതലും വിദ്യാലയങ്ങളിൽ ഉണ്ടാകണം. വിദ്യാർഥികളെയും അവർ നേരിടുന്ന പ്രശനങ്ങളെയും

അറിഞ്ഞു പെരുമാറുന്ന നിലയിലേക്ക് അധ്യാപകർ മാറണം. സ്കൂളുകളിലെ ബാഗ് പരിശോധനപോലെയുള്ള കുട്ടികളുടെ അന്തസ്സിന് കോട്ടം വരുത്തുന്ന പ്രവർത്തികൾ അധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്. കുട്ടികളുടെ സ്വകാര്യത സംരക്ഷിക്കണം എന്ന് ഉദ്ഘാടന പ്രസംഗത്തിൽ ചെയർപേഴ്സൺ പറഞ്ഞു. ആധുനിക കാലത്ത് തങ്ങളിലേക്ക് ഒതുങ്ങുന്നവരായി അധ്യാപകർ മാറുന്നു. എന്നാൽ സ്വയം പരിവർത്തനത്തിന് വിധേയരായി പുതുതലമുറക്ക് പുതിയ ദിശാബോധം നൽകാൻ അധ്യാപകർക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. ബാലാവകാശം എന്ന വിഷയത്തിൽ കമ്മീഷൻ അംഗം ഡോ.എഫ്.വിൽസൺ, കെ.കെ ഷാജു. കുട്ടികളുടെ മാനസികാരോഗ്യം എന്ന വിഷയത്തിൽ ഡോ. ഹണി ഹസ്സൻ സൈക്യാട്രിസ്റ്റ്, നിഖിത വിനോദ്, സൈബർ സുരക്ഷ എന്ന വിഷയത്തിൽ സിറ്റി പോലീസ് സൈബർ സുരക്ഷാ വിഭാഗം ബീരാജ് കെ. എസ്., പി.കെ.ദിൻരാജ് എന്നിവർ ക്ലാസെടുത്തു.

## അധ്യാപക പരിശീലനം ഒന്നാം ഘട്ടം ഷെഡ്യൂൾ

പരിശീലനത്തിന്റെ രണ്ടാം ഘട്ടം ഇടുക്കി, കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് ബാലാവകാശ കമ്മിഷൻ അംഗം ബി. മോഹൻകുമാർ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു.

| No | District | Date | Inauguration | Venue |
|---|---|---|---|---|
| 1 | തൃശ്ശൂർ | Aug -20 | K.V Manojkumar, Chairperson, KeSCPCR | Dist. Panning Hall, Trissur |
| 2 | പാലക്കാട് | Aug -19 | Jalajamol T.C Member, KeSCPCR | Kodumbu GP Kanal Community Hall |
| 3 | വയനാട് | Aug -14 | Mohankumar B. Member, KeSCPCR | Menangadi Panchayah hall |
| 4 | മലപ്പുറം | Aug -18 | Cicily Joseph, Member, KeSCPCR | Planing board hall |
| 5 | കോഴിക്കോട് | Aug - 11 | K.V Manojkumar, Chairperson, KeSCPCR | S.K Pottakad Hall, Corperation Kozhikodu |
| 6 | കണ്ണൂർ | Aug -13 | K.V Manojkumar, Chairperson, KeSCPCR | Shishak Sadan, Kannur |
| 7 | കാസർഗോഡ് | Aug - 12 | Mohankumar B. Member, KeSCPCR | Kanjaghad Block Panchayath Hall |

# കോഴിക്കോട് ജില്ല




*അധ്യാപക പരിശീലനം ഒന്നാം ഘട്ടം കമ്മിഷൻ ചെയർപേഴ്സൺ ഉദ്ഘാടനം നിർവ്വഹിക്കുന്നു*







## കാസർകോട് ജില്ല




## വയനാട് ജില്ല




## മലപ്പുറം ജില്ല




## കണ്ണൂർ ജില്ല





## തൃശ്ശൂർ ജില്ല





## പാലക്കാട് ജില്ല





## അധ്യാപക പരിശീലനം രണ്ടാം ഘട്ടം ഷെഡ്യൂൾ

| No | District | Date | Inauguration | Venue |
|---|---|---|---|---|
| 1 | ഇടുക്കി | Sep -22 | B. Mohan Kumar, Member, KeSCPCR | Collectrate Conference Hall |
| 2 | എറണാകുളം | Sep- 23 | KK. Shaju Member, KeSCPCR | PWD Rest House, Pathadippalam |
| 3 | ആലപ്പുഴ | Sep-24 | Jalajamol TC, Member, KeSCPCR | EMS Hall Punnapra |
| 4 | കോട്ടയം | Sep -25 | Cicily Joseph, Member, KeSCPCR | Chaithanya Pastarol Center, Ettumanoor |
| 5 | പത്തനംതിട്ട | Sep-26 | KK. Shaju Member, KeSCPCR | SCMS HSS, Thiruvalla |
| 6 | കൊല്ലം | Oct-4 | K.V Manojkumar, Chairperson, KeSCPCR | Mughathala Block Panchayath Hall |
| 7 | തിരുവനന്തപുരം | Oct-6 | K.V Manojkumar, Chairperson, KeSCPCR | St. Peter's Jacobit's Kathetral Hall |

ഇടുക്കി







# എറണാകുളം






## ആലപ്പുഴ





## പത്തനംതിട്ട






## കോട്ടയം





## കൊല്ലം





## തിരുവനന്തപുരം







## ധർമ്മടം സംസ്ഥാനത്തെ ആദ്യ ബാലസൗഹൃദ നിയോജക മണ്ഡലം – അധ്യാപക പരിശീലനം

ധർമ്മടം സംസ്ഥാനത്തെ ആദ്യ ബാലസൗഹൃദ നിയോജക മണ്ഡലം എന്നലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ എല്ലാ സ്കൂളുകളിലെയും 1754 അധ്യാപകർക്ക് കുട്ടികളുടെ അവകാശങ്ങൾ, മാനസികാരോഗ്യം, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി. പിണറായി എ.കെ.ജി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിശീലനത്തിൽ പിണറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.രാജീവൻ അധ്യക്ഷനായി. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ അധ്യാപകർക്ക് ഒരു ദിവസം 4 സെന്റർ എന്ന രീതിയിൽ ക്രമീകരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. ബാലാവകാശ കമ്മീഷൻ അംഗങ്ങളായ മോഹൻകുമാർ ബി, ഡോ. എഫ് വിൽസൺ, ഷാജു കെ.കെ തുടങ്ങിയവർ പഞ്ചായത്തുകളിൽ ബാലാവകാശങ്ങളെ ക്കുറിച്ചും, ഡോ. മോഹൻറോയ്, ഡോ. ദിലീപ് കൈതയ്ക്കൽ കുട്ടികളുടെ മാനസിക ആരോഗ്യം എന്ന വിഷയങ്ങളിലും, കണ്ണൂർ സൈബർ പോലീസ് വിങ്ങിൽ നിന്ന് സൈബർ സുരക്ഷയെക്കുറിച്ചും ക്ലാസുകൾ നൽകി.




അധ്യാപക പരിശീലനം




MAMBARAM
HIGHER SECONDARY SCHOOL


അധ്യാപക പരിശീലനം


അധ്യാപക പരിശീലനം






VEKANANDA





## ബാലാവകാശ നിയമങ്ങൾ കോൺക്ലേവ് 2026

കേരളം പലകാര്യങ്ങളിലും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, കുട്ടികളുടെ അവകാശങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്. പ്രസക്തമായ എല്ലാ നിയമങ്ങളും നയങ്ങളും നിലവിലുണ്ടെങ്കിലും, നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സങ്ങളായി, നിരവധി ഘടകങ്ങളുണ്ട്. കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്ന ഒരു സമൂഹം വാർത്തെടുക്കേണ്ടത് അനിവാര്യമാണ്. ഇതിനായി കുട്ടികൾ ഉൾപ്പടെ സമൂഹത്തിന്റെ എല്ലാതലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും ബോധവൽക്കരണവും പരിശീലനവും നൽകിയാൽ മാത്രമേ സാധിക്കുകയുള്ളു. കുട്ടികളുടെ ക്ഷേമം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിൽ പരിചരണം നൽകുന്നവർ, അധ്യാപകർ, പഞ്ചായത്ത്തല ജനപ്രതിനിധികൾ, മാതാപിതാക്കൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കും അവരുടെ ഉത്തരവാദിത്വങ്ങളെ കുറിച്ചും ബോധവൽക്കരണം നൽകേണ്ടത് അനിവാര്യമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെ അവകാശങ്ങൾ മികച്ച രീതിയിൽ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നിയമങ്ങളിലും ചട്ടങ്ങളിലും നയപരമായ മാറ്റങ്ങൾക്കും മെച്ചപ്പെടുത്തലുകൾക്കും വേണ്ടി എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിന് ബാലാവകാശങ്ങൾ, (സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009, ബാലനീതി നിയമം 2015, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012) ഉൾപ്പെടെയുള്ള പ്രധാന ബാലസംരക്ഷണ നിയമങ്ങളെക്കുറിച്ചും മറ്റ് അനുബന്ധ വിഷയങ്ങളെക്കുറിച്ചും ത്രിദിന കോൺക്ലേവ് തിരുവനന്തപുരം കോബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി മനോജ് കുമാർ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ്രസ്തുത പ്രോഗ്രാമിൽ ഓരോ വിഷയങ്ങളും പ്രഗൽഭർ അവതരിപ്പിക്കുകയും അതിൽ കുട്ടിയുടെ കാഴ്ചപ്പാട് എങ്ങനെ ആണെന്ന് കുട്ടികൾ അവതരിപ്പിക്കുകയും ചെയ്തു. കോൺക്ലേവിന്റെ അവസാനദിനം നിയമസഭ സ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ, അധ്യാപകർ, 3 നിയമങ്ങളുടെ കർത്തവ്യവാഹകർ, അനധ്യാപകർ, മാതാപിതാക്കൾ, രക്ഷകർത്താക്കൾ, സാമൂഹിക പ്രവർത്തകർ എൻ.ജി.ഒ പ്രതിനിധികൾ, നിയമ വിദഗ്ധർ, തദ്ദേശസ്വയംഭരണ അധികാരികൾ, അധ്യാപകരക്ഷാകർതൃ സംഘടനപ്രതിനിധികൾ, കമ്മ്യൂണിറ്റി നേതാക്കൾ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങി 350 പേർ പങ്കെടുത്തു.

# 2015 – ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ

## സ്കൂൾ കൗൺസിലർമാരുടെ ദ്വിദിന പരിശീലനം

കേരളം വിദ്യാഭ്യാസത്തിലും സാമൂഹിക വികസനത്തിലും ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിലൊന്നാണെങ്കിലും കുട്ടികളെ ബാധിക്കുന്ന പല പ്രശ്നങ്ങളും പലപ്പോഴും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതിന് കഴിയാതെ പോകുന്നതായി വിവിധ നിരീക്ഷണങ്ങളും നിരന്തര വാർത്തകളും സൂചിപ്പിക്കുന്നു. കുടുംബപ്രശ്നങ്ങൾ, മാതാപിതാക്കളിലെ തൊഴിൽ സമ്മർദ്ദം, സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം, അധ്യാപക വിദ്യാർത്ഥി ബന്ധത്തിലെ മാറ്റങ്ങൾ മുതലായവ കുട്ടികളുടെ മാനസികാരോഗ്യത്തെയും വിദ്യാഭ്യാസത്തെയും ദോഷകരമായി ബാധിക്കുന്നു. എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ലഭ്യമാക്കുകയും ആവശ്യാനുസരണം കുട്ടികൾക്ക് കൗൺസിലിംഗ് ഉറപ്പാക്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം.



വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് സ്കൂൾ കൗൺസിലർമാരുടെ കാര്യക്ഷമത ഉയർത്തേണ്ടത് അനിവാര്യമാണ്. കൗൺസിലിംഗിന്റെ പുതിയ പ്രവണതയെ കുറിച്ചും രീതികളെ കുറിച്ചും മികച്ച പരിശീലനം നൽകുന്നത് കൗൺസിലർമാരുടെ നൈപുണ്യ വികസനത്തിന് ഗുണകരമാകുന്നതാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ആഭിമുഖ്യത്തിൽ **2025 ജൂലൈ 16, 17 തീയതികളിലായി തിരുവനന്തപുരം ശിക്ഷക് സദനിൽ വച്ച്** ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കമ്മീഷൻ അംഗം കെ. കെ ഷാജു അധ്യക്ഷത വഹിച്ച പരിപാടിയുടെ ഉദ്ഘാടനം ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ നിർവ്വഹിച്ചു. കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളിൽ കൂടുതൽ ബോധപൂർവമായ ഇടപെടലുകൾ നടത്തുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യമെന്നും, വിദ്യാഭ്യാസവും സാമൂഹിക വികസനവും മുൻനിർത്തി കുട്ടികൾക്ക് സന്തോഷം നൽകുന്ന

മികച്ച ഇടങ്ങൾ സൃഷ്ടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും വിദ്യാലയങ്ങൾ സമഗ്ര മാനസികാരോഗ്യത്തിനുള്ള ഇടങ്ങളായി മാറണമെന്നും കൗൺസിലർമാർ കുട്ടികളുടെ സുഹൃത്തായി പ്രവർത്തിക്കണമെന്നും ചെയർപേഴ്സൺ അറിയിച്ചു. കമ്മീഷൻ അംഗം ബി. മോഹൻകുമാർ പരിശീലന പരിപാടിയുടെ ഉദ്ഘാടന യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുകയും കമ്മീഷൻ സെക്രട്ടറി എച്ച്. നജീബ് യോഗത്തിന് നന്ദി അറിയിക്കുകയും ചെയ്തു. കമ്മീഷൻ അംഗങ്ങളായ എൻ. സുനന്ദ, ജലജമോൾ റ്റി. സി, സിസിലി ജോസഫ്, ഡോ. എഫ്. വിൽസൺ, രജിസ്ട്രാർ ടി. പി. കോമളവല്ലി എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു.



**ബാലനീതി നിയമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനിതാശിശു വികസന വകുപ്പ് പ്രതിനിധികളുടെ യോഗം**

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ട്, (സിപിസിആർ ആക്ട് ), ബാല നീതി ആക്റ്റ്, 2015 വകുപ്പ് 109, പോക്സോ ആക്റ്റ്, 2012 വകുപ്പ് 44, ആർ.ടി.ഇ ആക്റ്റ്, 2009, വകുപ്പ് 31 എന്നിവ അനുസരിച്ച് ഈ നിയമങ്ങളുടെ നടത്തിപ്പിന്റെ നിരീക്ഷണ അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷനിൽ നിക്ഷിപ്തമാണ്. സർക്കാർ ഉത്തരവ് പ്രകാരം 2025 ൽ ജില്ല കളിൽ പുതിയതായി ചുമതലയേറ്റ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺമാർക്കും, അംഗങ്ങൾക്കും, ജുവനൈൽ ജസ്റ്റിസ് അംഗങ്ങൾക്കും കുട്ടികളുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനും ബാലസൗഹൃദ ഇടപെടലുകൾ നടത്തുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിന്റ് ഭാഗമായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടേറ്റ് പ്രതിനിധികളുമായി 27.11.2025- ൽ ബാലാവകാശ കമ്മീഷന്റെ കാര്യാലയത്തിൽ കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

## ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ്

ബഹു. സുപ്രീം കോടതിയുടെ 05.05.2017-ലെ WP(crl) 102 of 2017 ഉത്തരവ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ സേവനങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള പ്രക്രിയ (ഫയൽനം.5249/JJ/A3/2024/KeSCPCR) ആരംഭിച്ചിരുന്നു. ഇതിനാവശ്യമായ പ്രൊഫോമകൾ തയ്യാറാക്കിയും ആഡിറ്റിന് ഉപയോഗിക്കുന്ന ടൂളുകളുടെ നിലവാരവും അവലോകനവും നടത്തിയ ശേഷം ജെ ജെ ആക്ട് പ്രകാരം റജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ സോഷ്യൽ ആഡിറ്റ് ഈ മേഖലയിൽ വൈദഗ്ധ്യമുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനത്തിനെ എൽപ്പിച്ച് തുടർനടപടി സികരിച്ച് വരുന്നു.

## ശിശുദിന വാരാഘോഷം 2025

2025 ലെ ബാലാവകാശ സംരക്ഷണ വാരാചരണം ദേശീയ ശിശുദിനമായ നവംബർ 14 മുതൽ അന്തർദേശീയ ബാലാവകാശ ദിനമായ നവംബർ 20 വരെയുള്ള തീയതികളിലായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃതത്തിൽ നടത്തുകയുണ്ടായി. 'വിദ്യാഭ്യാസത്തിനും മറ്റ് ആശയവിനിമയ ആവശ്യങ്ങൾക്കുമായി ഇന്റർനെറ്റിൽ കൂടുതൽ സമയം ചെലവഴിക്കുമ്പോൾ, കുട്ടികൾ കൂടുതൽ അപകടസാധ്യതകൾക്ക് ഇരയാകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് ഓൺലൈൻ ലൈംഗിക ദുരുപയോഗം, അല്ലെങ്കിൽ ലൈംഗിക അഭ്യർത്ഥന,, കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന വസ്തുക്കളുടെ നിർമ്മാണവും പ്രചാരണവും, സൈബർ ഭീഷണി, ഓൺലൈൻ പീഡനം, സൈബർ ഇരയാക്കൽ, സ്വകാര്യതയുമായി ബന്ധപ്പെട്ട മറ്റ് നിരവധി അപകടസാധ്യതകൾ എന്നിവയിൽ രക്ഷിതാവ് എന്ന നിലയിൽ, നമ്മുടെ കുട്ടികൾക്ക് വേണ്ടി ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് അവരെ സൈബർ സുരക്ഷാ അവബോധം പഠിപ്പിക്കുക എന്നതാണ്. ഇന്ന് ലോകത്ത്, കുട്ടികൾ ചെറുപ്പത്തിൽ തന്നെ സാങ്കേതികവിദ്യയുമായി സമ്പർക്കം പുലർത്തുന്നു, അതിനാൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന്റെ അപകടസാധ്യതകൾ അവർ മനസ്സിലാക്കണം. ഇതിന്റെ ഭാഗമായി **സൈബർ ലോകം അവസരങ്ങളും വെല്ലുവിളികളും** എന്നീ വിഷയത്തെ ആസ്പദമാക്കി പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കുന്ന വിധം പരിപാടികൾ നടത്തുകയുണ്ടായി.

## ബാലാവകാശ വാരാചരണം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ 2025 –2026 വർഷത്തെ ബാലാവകാശ വാരാചരണം അതിവിപുലമായി സംഘടിപ്പിച്ചു. ബാലാവകാശ വാരാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ബാലനീതി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേരളത്തിലെ സർക്കാർ ചിൽഡ്രൻസ് ഹോം, വിമൺ ആന്റ് ചിൽഡ്രൻസ് ഹോമുകളിൽ സൈബർ ലോകം അവസരങ്ങളും വെല്ലുവിളികളും എന്നീ വിഷയത്തെ ആസ്പദമാക്കി കുട്ടികളുടെ കലാപരിപാടികൾ, ഗ്രൂപ്പ് ഡാൻസ്, നാടകം, പ്രസംഗം, ചിത്രരചന എന്നീ കലാപരിപാടികൾ സംഘടിപ്പിച്ചു.

## ഭിന്നശേഷി കുട്ടികളുടെ സംരക്ഷണം – ജില്ലാതല കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും രാജ്യത്തുണ്ടായിട്ടുള്ള നിയമ നിർമ്മാണങ്ങളെല്ലാം നമ്മുടെ ഭരണഘടനയിൽപ്പറയുന്ന മൗലികാവകാശങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ്. വ്യത്യസ്തങ്ങളായ ശാരീരിക-മാനസിക വൈകല്യങ്ങൾ ഉള്ളവരെ പൊതുവായി വിശേഷിപ്പിക്കാൻ 'ഭിന്നശേഷിക്കാർ' (differently abled) എന്ന വാക്ക് ഉപയോഗിച്ചു തുടങ്ങുന്നത്. നിരവധി കാലത്തെ ചർച്ചകൾക്കും അഭിപ്രായ രൂപീകരണങ്ങൾക്കും ശേഷമാണ് ഭിന്നശേഷിക്കാരുടെ അവകാശങ്ങളെ ഗൗരവമായി സമീപിക്കുന്ന ഒരു തലത്തിലേക്ക് എത്തപ്പെട്ടത്. സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളെ അപേക്ഷിച്ച് നിത്യജീവിതത്തിൽ വ്യത്യസ്തമായ വെല്ലുവിളികളെ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ. സാധാരണ മനുഷ്യർക്ക് പൊതുവേ നിർവ്വഹിക്കാൻ കഴിയുന്ന മാനസികവും ശാരീരികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ അതേ വിധം നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് ഭിന്നശേഷി അവകാശനിയമം 2016 നിഷ്കർഷിക്കുന്നുണ്ട്. അതിനായി 2016 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാരിന്റെ നഗരവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം എന്നും നിയമം അനുശാസിക്കുന്നു. നമ്മുടെ പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ, ഇവയെല്ലാം പരിശോധിച്ചാൽ ഭിന്നശേഷിക്കാർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ നമ്മൾ ഏറെ പിന്നിലാണെന്നുള്ള വസ്തുത മനസ്സിലാകും. ഭിന്നശേഷിക്കാർക്ക് പ്രവേശിക്കാൻ ബുദ്ധിമുട്ടുള്ള കെട്ടിടങ്ങൾക്ക് അനുമതി നൽകാൻ പാടുള്ളതല്ല എന്ന് 2016 ലെ ഭിന്നശേഷി നിയമം നിഷ്കർഷിക്കുന്നു. ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമപ്രകാരം ഈ നിയമം (2016) വന്ന് അഞ്ചുവർഷത്തിനകം എല്ലാ പൊതു

കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദം ആകേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്കായുള്ള അടിസ്ഥാന സൗകര്യമെന്ന് കേൾക്കുമ്പോൾ റാമ്പും, വീൽ ചെയറും മാത്രമാണ് പൊതുവായി പരിഗണിക്കപ്പെടുന്നത്. ബാരിയർ ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ കെട്ടിടങ്ങൾ വൈകല്യമുള്ളവർക്ക് പ്രാപ്യമാകുന്ന തരത്തിൽ മാറ്റി പണിയുന്നുണ്ടെങ്കിലും, ഏറ്റവും അടിസ്ഥാന സൗകര്യമായ ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ പലയിടങ്ങളിലുമില്ല. റാമ്പും, ടോയ്‌ലെറ്റും, ലിഫ്റ്റും, സൈൻബോർഡുകളും, ഭിന്നശേഷി സൗഹൃദ ലൈബ്രറിയും, ലാബുകളും, ക്ലാസ് റൂമുകളും, നടപ്പാതകളും, വാതിൽപടികളുമടക്കം വളരെ ജാഗ്രതയോടു കൂടിയ ഒരു ഭൗതികാന്തരീക്ഷം നമ്മുടെ കുട്ടികൾക്കായി നമുക്കൊരുക്കേണ്ടതുണ്ട്.

ഭിന്നശേഷിയുള്ളവർക്ക് സമൂഹത്തിൻറെ മുഖ്യധാരയിൽ പങ്കാളിത്തം ഉറപ്പാക്കുക വഴി സമഗ്ര വികസനം സാധ്യമാക്കുക എന്ന സമീപനമാണ് ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെക്കുന്നത്. കാഴ്ച, കേൾവി, സംസാരശേഷി, മാനസിക വെല്ലുവിളി, ശാരീരിക പരിമിതി, വിവിധ തരം പഠന വൈകല്യം എന്നിവയെല്ലാം നേരിടുന്നവരെ മറ്റുള്ളവർക്കൊപ്പം തുല്യ പരിഗണന നൽകി സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, മേഖലകളിൽ കൂടുതൽ പങ്കാളികളാക്കുകക എന്ന സമീപനമാണ് ഇക്കാര്യത്തിൽ നമ്മൾ സ്വീകരിക്കേണ്ടത്. ഭിന്നശേഷി കുട്ടികളുടെ ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, പരിചരണം തുടങ്ങിയ മേഖലകളിൽ സ്ഥിരതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അനിവാര്യമാണ്. എല്ലാ കുട്ടികൾക്കും ഉചിതമായതും ഫലപ്രദവുമായ മാർഗ്ഗ നിർദ്ദേശം തയ്യാറാക്കുന്നതിന് എല്ലാ ജില്ലയിലെയും കർത്തവ്യവാഹകരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ചയ്ക്ക് വിധേയമാക്കി മാർഗ്ഗ നിർദ്ദേശം രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ 14 ജില്ലകളെ 3 മേഖലകളായി തിരിച്ച് 2026 ജനുവരി 12 കോഴിക്കോട് ശിക്ഷക്ക് സദനിൽ വെച്ചും, ജനുവരി 13 ന് എറണാകുളം പത്തടിപ്പാലം പിഡബ്ല്യൂഡി റെസ്റ്റ് ഹൗസിൽ വെച്ചും, തിരുവനന്തപുരം ശിക്ഷക്ക് സദനിൽ വെച്ചും കർത്തവ്യവാഹകരുടെ കൂടിയാലോചനയോഗം സംഘടിപ്പിച്ചത്.



2026 ജനുവരി 12 കോഴിക്കോട് ശിക്ഷക് സദൻ




2026 ജനുവരി 13 എറണാകുളം, പത്തടിപ്പാലം പിഡബ്ല്യുഡി റെസ്റ്റ് ഹൗസ്

## 2026 ജനുവരി 20 തിരുവനന്തപുരം ശിക്ഷക് സദൻ









## ശിശു സംരക്ഷണ സ്ഥാപനാധികാരികൾക്കുള്ള ഏകദിന പരിശീലനം

സുരക്ഷിതമായ ബാല്യം ഒരോ കുട്ടിയുടേയും ജന്മാവകാശമാണ്. കുട്ടികളുടെ സുരക്ഷയ്ക്കായി ഇന്ത്യൻ ഭരണഘടന വിപുലമായ കടമകളാണ് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്. ബാലനീതി (ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നുണ്ട്. കേരളത്തിൽ നിലവിൽ 14 ജില്ലകളിലായി 446 ശിശു സംരക്ഷണ സ്ഥാപനങ്ങൾ ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നു. 8428 കുട്ടികൾ നിലവിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നുവെന്ന് മിഷൻവാൽസല്യ സ്കീം 2025 സെപ്റ്റംബറിലെ കണക്കുകൾ വ്യക്തമാക്കുന്നു. ആയതിൽ 4782 പേർ പെൺകുട്ടികളും, 3646 പേർ ആൺകുട്ടികളുമാണ് .

സ്ഥാപനങ്ങൾ ബാലനീതി നിയമം (ശ്രദ്ധയും സംരക്ഷണവും) 2015 പ്രകാരം അനുവർത്തിക്കേണ്ട പൊതുതത്വങ്ങൾ (വകുപ്പ് 3 (I – xvi)) മാനദണ്ഡമാക്കിയും ശിശു

സൗഹാർദ്ദപരവുമായാണ് ശിശു സംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. കുട്ടികളുടെ ഉന്നമനം, പുനരധിവാസം, സുരക്ഷിതത്വം, സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകി കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ശിശു സംരക്ഷണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. എന്നിരുന്നാലും ശ്രദ്ധയും സംരക്ഷണവും ആവശ്യമായിവരുന്ന കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി (ഐ.സി.പി) കുട്ടികളുടെ തൊഴിലധിഷ്ഠിത പുനരധിവാസം ക്രമീകരിക്കുന്നതിൽ ശിശു സംരക്ഷണ സ്ഥാപനങ്ങൾക്ക് തടസം ഉണ്ടാകുന്നു. ഇത്തരം സാഹചര്യത്തിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവിടെ ബാലസൗഹൃദ സാഹചര്യങ്ങൾ വളർത്തിയെടുക്കുന്നതിനുമായി സ്ഥാപന മേലധികാരികൾക്കും, ഹോം കൗൺസിലർമാർക്കും മൂന്ന് റീജിയണുകളായി തിരിച്ച് പരിശീലന പരിപാടി കമ്മീഷൻ സംഘടിപ്പിച്ചത്. 2025 നവംബർ 3 –ന് **എറണാകുളം പത്തടിപ്പാലം റെസ്റ്റ് ഹൌസിൽ** വെച്ച് ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ജീവനക്കാർക്ക് നടത്തിയ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ.കെ. ഷാജു നിർവ്വഹിക്കുകയും, ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം മോഹൻകുമാർ ബി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. **തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ** എന്നീ ജില്ലകളിലെ ജീവനക്കാർക്ക് നവംബർ 5 –ന് **വെള്ളയമ്പലം ട്രിവാടം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ** സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ, ഉദ്ഘാടനം നിർവ്വഹിക്കുകയും , കമ്മീഷൻ അംഗം ഡോ.എഫ്.വിൽസൺ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. **കോഴിക്കോട് എസ് കെ പൊറ്റക്കാട് ഹാളിൽ വെച്ച്** നവംബർ 7 –ന് **മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്** എന്നീ ജില്ലകളിലെ ജീവനക്കാർക്ക് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. കമ്മീഷൻ അംഗം മോഹൻകുമാർ ബി അദ്ധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗം സിസിലി ജോസഫ് ആശംസ പറഞ്ഞു.




2025 നവംബർ 3 എറണാകുളം പത്തടിപ്പാലം റെസ്റ്റ് ഹൗസ്



നവംബർ 5 ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി, വെള്ളയമ്പലം





2026 നവംബർ 7 എസ്. കെ പൊറ്റക്കാട് ഹാൾ കോഴിക്കോട്



## ഭിന്നശേഷി കുട്ടികളുടെ സംരക്ഷണം – സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയറിന്റെ കരട് അന്തിമമാക്കുന്നതിന് കൂടിയാലോചനായോഗം

ഭിന്നശേഷി കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക അവരുടെ പങ്കാളിത്തം ഉറപ്പാക്കി സമഗ്രവികസനം സാധ്യമാക്കുക എന്ന ഐക്യരാഷ്ട്രസഭ മുന്നോട്ട് വയ്ക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ. അവരുടെ ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, പരിചരണം തുടങ്ങിയ മേഖലകളിൽ സ്ഥിരതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അനിവാര്യമാണ്. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ സമഗ്രമായി വിലയിരുത്തേണ്ടതും ചർച്ചചെയ്യേണ്ടതും അത്യന്താപേക്ഷിതമാണ്. ആയതിന് ജില്ലകളിൽ നിന്നും കർത്തവ്യവാഹകരെയും വിവിധ മേഖലകളിലെ പ്രഗത്ഭരെയും പങ്കെടുപ്പിച്ച് മൂന്ന് മേഖലകളായി തിരിച്ച് കൂടിയാലോചനായോഗങ്ങൾ കമ്മീഷൻ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും ലഭിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയറിന്റെ കരട് അന്തിമമാക്കുന്നതിന് 2026 ഫെബ്രുവരി 27 –ന് തിരുവനന്തപുരം തമ്പാനൂർ KTDC GRAND CHAITHRAM ഹോട്ടലിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.



## ബാലാവകാശങ്ങളും കുട്ടികളുടെ നിയമങ്ങളും – രക്ഷാകർത്താകൾക്ക് പരിശീലനം

കുട്ടികൾക്ക് നേരെയുള്ള ശാരീരിക, മാനസിക, ലൈഗീക അതിക്രമങ്ങൾ, ചൂഷണങ്ങൾ കുടുതലായും റിപ്പോർട്ട് ചെയ്യപ്പെടുന്നത് കുടുംബങ്ങളിൽ നിന്നാണ്. കുടുംബങ്ങളിൽ കുട്ടികൾ സുരക്ഷിതരല്ലാത്ത സാഹചര്യം വർദ്ധിച്ചുവരുന്നു. സ്വന്തം കുടുംബങ്ങളിൽ പോലും കുട്ടികൾ സുരക്ഷിതരല്ലാത്ത പശ്ചാത്തലം കേരളത്തിൽ ഉരുത്തിരിഞ്ഞ് വരുന്നതായി വാർത്തകൾ സൂചിപ്പിക്കുന്നു. കുട്ടികൾക്ക് ഭയരഹിതവും നിഷ്കളങ്കവുമായി ജീവിക്കുവാൻ കഴിയുന്ന അവസ്ഥ ഒരുക്കിക്കൊടുക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിലെ ഓരോ വ്യക്തിക്കുമുണ്ട്.

ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 ലെ സെക്ഷൻ 3 ലെ കുടുംബത്തിൽ മാതാപിതാക്കളുടെ ഉത്തരവാദിത്വം കുട്ടികളുടെ പരിപാലനത്തിനും പരിപോക്ഷണത്തിനും സംരക്ഷണത്തിനുമുള്ള പ്രാഥമിക ഉത്തരവാദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്. ആയതിനാൽ കുട്ടികളുടെ സുരക്ഷയും ബാലാവകാശങ്ങളും സംബന്ധിച്ച് മാതാപിതാക്കളെ പ്രാപ്തരാക്കേണ്ടത് അനിവാര്യമാണ്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും വനിതാ സാഹിതിയുമായി ചേർന്ന് കുട്ടികൾക്കും മാതപിതാക്കൾക്കുമായി പരിശിലന പരിപാടി സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ ഹാൾ പനവിളയിൽ വെച്ച് സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ആദ്യ സെക്ഷനിൽ ബാലാവകാശങ്ങളും കുട്ടികളും, ബാലനീതി നിയമം, പോക്സോ ആക്റ്റ്, വിദ്യാഭ്യാസ അവകാശ നിയമം, ശൈശവ വിവാഹം, ബാലവേല നിരോധന നിയമം, എന്നീ വിഷയത്തെ ആസ്പദമാക്കി ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം മോഹൻകുമാർ ബി ക്ലാസുകൾ കൈകാര്യം ചെയ്തു. രണ്ടാമത്തെ സെക്ഷനിൽ ഉത്തരവാദിത്വ പൂർണ്ണമായ രക്ഷാകർതൃത്വം, കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളും, പരിഹാര മാർഗ്ഗങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ കോളേജ് സൈകാടിക് വിഭാഗം പ്രൊഫസർ ഡോ അരുൺ ബി നായർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. മാതാപിതാക്കൾ എന്ന നിലയിൽ കുട്ടികളുടെ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിലും ജീവിത നൈപുണ്യങ്ങൾ പഠിപ്പിക്കുന്നതിലും ഉത്തരവാദിത്വബോധവും സഹാനുഭൂതിയും വളർത്തുന്നതിലും രക്ഷിതാക്കൾ പ്രധാന പങ്കുകൾ വഹിക്കുന്നു എന്നും എല്ലായ്പ്പോഴും മാറികൊണ്ടിരിക്കുന്ന സമൂഹത്തിൽ കുട്ടികളെ വളർത്താനുള്ള അർപ്പണബോധവും പൊരുത്തപ്പെടുത്തലും ആത്മാർത്ഥമായ ആഗ്രഹവും ആവശ്യമുള്ള ഒരു തുടർച്ചയായ യാത്രയാണ് ഉത്തരവാദിത്വപൂർണ്ണമായ രക്ഷകർതൃത്വം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പരിശീലകൻ അഭിപ്രായപ്പെട്ടു.

## ബാലക്ഷേമ സുരക്ഷാ സമിതികളുടെ (സി.ഡബ്ല്യൂ.പി.സി.) പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കമ്മീഷൻ നല്കിയ ശുപാർശയിൻമേൽ സ്വീകരിച്ച നടപടികൾ ചർച്ച ചെയ്യുന്നതിന് കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം

ബാലക്ഷേമ സുരക്ഷാ സമിതി (സി.പി.ഡബ്ല്യൂ.സി.) കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനുള്ള പ്രാഥമിക ഉത്തരവദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും അത് നടപ്പാക്കുന്നതിൽ സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്ക് വളരെ നിർണായകമാണ്. കുടുംബങ്ങളിൽ കുട്ടികൾ അതിക്രമത്തിനും ചൂഷണങ്ങൾക്കും ഇരയാകുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഇത്തരത്തിൽ ഇരയാകുന്ന കുട്ടികളെ സംരക്ഷിക്കുന്നതിനും ഏറ്റെടുക്കുന്നതിനും ബാലക്ഷേമ സുരക്ഷാ സമിതികളുടെ പ്രവർത്തനം കൊണ്ട് സാധ്യമാകുമെന്നും കമ്മീഷൻ വിലയിരുത്തുന്നു. കുട്ടികളുടെ അവകാശങ്ങൾ താഴേതലം മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനങ്ങൾ അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാ സമിതികൾ രൂപീകരിക്കുന്നതിനും നൂതനമായ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെയും, തദ്ദേശസ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും മിഷൻവാൽസല്യ പദ്ധതിയുടെ പ്രോഗ്രാം മാനേജറെയും ഉൾപ്പെടുത്തി 2026 മാർച്ച് 17 –ന് കമ്മീഷന്റെ കാര്യാലയത്തിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചത്.

## ജില്ലകളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട CWC, JJB അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും വനിത ശിശു വികസന വകുപ്പും സംയുക്തമായി ജില്ലകളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺമാരെയും അംഗങ്ങളെയും, ജുവനൈൽ ജസ്റ്റിസ് ബോർഡിലെ അംഗങ്ങളെയും ഉൾപ്പെടുത്തി ജനുവരി 13, 14, 15, 16 എന്നീ തിയതികളിൽ ഐ എം ജി ട്രയിനിങ് സെന്ററിൽ വെച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഉൽഘാടന കർമ്മം ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി മനോജ്കുമാർ നിർവഹിച്ചു. പരിശീലനത്തിന്റെ ഒന്നാമത്തെ സെഷനിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവാദിത്തങ്ങൾ എന്ന വിഷയത്തെ ആസ്പദമ്മാക്കി എറണാകുളം പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജി. പത്മകുമാർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. രണ്ടാമത്തെ സെഷനിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ എത്തുന്ന കുട്ടികളുടെ കേസുകളുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങളെ കുറിച്ച് ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ബി മോഹൻകുമാർ പറയുകയും ചെയ്തു മൂന്നാമത്തെ സെഷനിൽ CCL –ഉം CNCP ആയ

കുട്ടികളുടെ റിപ്പോർട്ടിംഗ്, കേസ് റിക്കാർഡ്, ഫോളോഅപ്പ് എന്നിവ എങ്ങനെ തയ്യാറാകണമെന്നും, വിജയരാജൻ മുൻ CWC അംഗം വ്യക്തമാക്കി നാലമത്തെ സെഷനിൽ ശ്രീനിഷ് എസ് അനിൽ (പ്രോജക്റ്റ് കോർഡിനേറ്റർ, കാവൽ) 'Psycho-social Care and Family-Based Rehabilitation of CCL' എന്ന വിഷയത്തിൽ സംവദിച്ചു. JJB അംഗങ്ങൾക്ക് ഒരു ice-breaking activity നൽകി തുടർന്ന് ഒരു കുട്ടിയുടെ സ്വഭാവം രൂപപ്പെടുന്ന പല ഘടകങ്ങളെകുറിച്ച് വിശദീകരിച്ചു. കാവൽപ്രോജക്റ്റ് ലക്ഷ്യമാക്കുന്നത് എന്താണെന്നും നിലവിൽ കൈവരിച്ചനേട്ടങ്ങളെകുറിച്ചും JJB അംഗങ്ങൾക്ക് വിശദീകരണം നൽകി.

**ദ്വിദിന പരിശീലനം - ചൈൽഡ് വെൽഫെയർ കമ്മിറ്റി- ജുവനൈൽ ജസ്റ്റിസ് ബോർഡ്, സ്പെഷ്യൽ ജുവനൈൽ പോലീസ് യുണിറ്റ്**

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, അംഗങ്ങൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ടുമാർ എന്നിവർക്ക് 2026 മാർച്ച് 23,24 തീയതികളിൽ തിരുവനന്തപുരം ഹോട്ടൽ അപ്പോളോ ഡിമോറയിൽ വച്ച് ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി മനോജ് കുമാർ അധ്യക്ഷൻ ആയിരുന്ന യോഗം വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ് ഉദ്ഘാടനം ചെയ്തു. മുഖ്യ അഥിതി ആയി DIG&സ്റ്റേറ്റ് നോഡൽ ഓഫീസർ SPC അജിത ബീഗം IPS പങ്കെടുത്തു. ആദ്യദിനം പ്രോഗ്രാമിൽ കുട്ടികളുടെ മാനസികാരോഗ്യവും മാനസികാരോഗ്യ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളെ കുറിച്ച് ഡോ.അരുൺ ബി നായർ, കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും സംബന്ധിച്ച ഭരണഘടനാപരമായ ചട്ടക്കൂടുകളെ കുറിച്ച് കമ്മിഷൻ അംഗം ഡോ.എഫ്. വിൽസൺ, ബാല നീതി നിയമം, കർത്തവ്യവാഹകരുടെ ഉത്തരവാദിത്വം എന്ന വിഷയം റിട്ടയേഡ് എസ്.പി റെജി ജേക്കബ്, ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനഃരധി വാസം കമ്മീഷൻ അംഗം കെ.കെ ഷാജു, പുനരധിവാസം, തിരിച്ചയക്കൽ, പുനഃസ്ഥാപന സംവിധാനങ്ങൾ എന്ന വിഷയം ICPS പ്രോഗ്രാം ഓഫീസർ നിഷാദ് ,ആർ.ടി.ഐ. നിയമപ്രകാരം വിവരങ്ങൾ വെളിപ്പെടുത്തുന്നതിലെ വെല്ലുവിളികൾ എന്ന വിഷയം റിട്ടയേർഡ് അഡിഷണൽ നിയമ സെക്രട്ടറി ശ്രീ നടക്കൽ കെ.പ്രസാദ്, സ്പീക്കിങ് ഓർഡറുകൾ കമ്മിഷൻ അംഗം ഷാജേഷ് ഭാസ്കർ. പി എന്നിവർ ക്ലാസ് നൽകി. പ്രശസ്ത സൈക്യാട്രിസ്റ്റ് ഡോ. മോഹൻ റോയുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറവും ഉൾപ്പടെ രണ്ട് ദിവസത്തെ പരിശീലനം അവസാനിച്ചു.











# 2025 വർഷത്തെ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ പോക്സോ (ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം) കണക്കുകളുടെ വിശകലനവും വ്യാഖ്യാനവും

## പൊതുവായ പശ്ചാത്തലം

കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി 2012-ൽ ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (POCSO Act) പ്രാബല്യത്തിൽ വന്നു. ഈ നിയമത്തിന്റെ ഫലപ്രദമായ നടപ്പാക്കലിൽ സംസ്ഥാന പോലീസ് വകുപ്പ് നിർണായക പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാരെ (CWPO) നിയമിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന പോക്സോ കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ജില്ലാ തലത്തിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ ശേഖരിച്ച് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB) മുഖേന കമ്മീഷനിൽ ലഭ്യമാക്കുകയും തുടർന്ന് അവ സമഗ്രമായി വിശകലനം ചെയ്യുകയും ചെയ്യുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ അപഗ്രഥിച്ചതിൽ നിന്നും ലൈംഗിക കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

### 2013 മുതൽ 2025 വരെ റിപ്പോർട്ട് ചെയ്ത പോക്സോ കേസുകൾ



സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം 2013 മുതൽ 2025 വരെയുള്ള കാലയളവിൽ പോക്സോ കേസുകളുടെ റിപ്പോർട്ടിംഗിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

- 2013-ൽ റിപ്പോർട്ട് ചെയ്ത കേസുകൾ: 1002
- 2025-ൽ റിപ്പോർട്ട് ചെയ്ത കേസുകൾ: 4765

**വിശകലനം:**

ഈ വർദ്ധനവ് നേരിട്ട് കുറ്റകൃത്യങ്ങളുടെ വർദ്ധനവായി മാത്രം വിലയിരുത്താൻ സാധ്യമല്ല. മറിച്ച് താഴെ പറയുന്ന ഘടകങ്ങളും ഇതിന് കാരണമായിട്ടുണ്ടാകാം:

- സമൂഹത്തിൽ നിയമ സാക്ഷരത വർദ്ധിച്ചതും
- ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടതും
- ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ജനങ്ങളിൽ ഉണ്ടായിരിക്കുന്ന സങ്കോചം കുറയുന്നതും

ഇതിലൂടെ കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ച വിഷയങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം രൂപപ്പെട്ടതായി വിലയിരുത്താം.



### പോലീസ് ജില്ലാടിസ്ഥാനത്തിൽ ലൈംഗീകാതിക്രമ കേസുകൾ




2025-ൽ സംസ്ഥാനത്താകെ 4765 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലകൾ ചുവടെപ്പറയുന്നതുപോലെയാണ്:

- തിരുവനന്തപുരം – 689 (സിറ്റി 231, റൂറൽ 458)
- കൊല്ലം – 502 (സിറ്റി 247, റൂറൽ 255)
- മലപ്പുറം – 465
- കോഴിക്കോട് – 460 (സിറ്റി 213, റൂറൽ 247)
- എറണാകുളം – 442 (സിറ്റി 152, റൂറൽ 290)
- തൃശ്ശൂർ – 401 (സിറ്റി 211, റൂറൽ 190)

ചില ജില്ലകളിൽ കേസുകളുടെ എണ്ണം കൂടുതലായി കാണപ്പെടുന്നത് താഴെ പറയുന്ന ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കാം:

- ജന സാന്ദ്രത
- നഗരവത്കരണം
- റിപ്പോർട്ടിംഗ് സംവിധാനങ്ങളുടെ പ്രാപ്യത
- ബോധവത്കരണത്തിന്റെ ഉയർന്ന നില

അതുകൊണ്ട് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ജില്ലകൾ കുറ്റകൃത്യങ്ങൾ കൂടുതലുള്ള ജില്ലകളാണെന്ന നിഗമനത്തിലേക്ക് എത്തുന്നതിനു മുമ്പ് റിപ്പോർട്ടിംഗ് കാര്യക്ഷമതയും പരിഗണിക്കേണ്ടതുണ്ട്.

## അതിജീവിതരായ കുട്ടികളുടെ എണ്ണം




2025-ൽ റിപ്പോർട്ട് ചെയ്ത 4765 കേസുകളിൽ 4818 കുട്ടികളാണ് അതിജീവിതരായി രേഖപ്പെടുത്തിയിരിക്കുന്നത്.

### വിശകലനം

കേസുകളുടെ എണ്ണത്തേക്കാൾ അതിജീവിതരുടെ എണ്ണം കൂടുതലായിരിക്കുന്നത് ചില കേസുകളിൽ ഒന്നിലധികം കുട്ടികൾ അതിജീവിതരായിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ഇതിലൂടെ കുടുംബപരമായോ സാമൂഹികമായോ ഘടകങ്ങൾ ഉൾപ്പെട്ട കേസുകൾ ഉണ്ടാകാനുള്ള സാധ്യത കാണുന്നു. ആയതിനാൽ കുടുംബം, സ്കൂൾ, സമൂഹം എന്നിവയെ കേന്ദ്രീകരിച്ചുള്ള പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

## അതിജീവിതരുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശകലനം



അതിജീവിതരായ 4818 കുട്ടികളിൽ

- പെൺകുട്ടികൾ – 4167 (86%)
- ആൺകുട്ടികൾ – 618 (13%)
- ലിംഗവിവരം ലഭ്യമല്ലാത്തവർ – 33 (1%)

## വിശകലനം

കണക്കുകൾ പ്രകാരം ലൈംഗികാതിക്രമങ്ങൾ കൂടുതൽ നേരിടുന്നത് പെൺകുട്ടികളാണെന്ന് വ്യക്തമാകുന്നു. എന്നിരുന്നാലും ആൺകുട്ടികളും ഇത്തരം അതിക്രമങ്ങൾ നേരിടുന്ന സാഹചര്യം നിലനിൽക്കുന്നതായി കാണുന്നു. അതുകൊണ്ട് ലിംഗഭേദമന്യേ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## അതിജീവിതരായ കുട്ടികളുടെ പ്രായാടിസ്ഥാനത്തിലുള്ള വിശകലനം




അതിജീവിതരായ കുട്ടികളുടെ പ്രായപരിധി ചുവടെപ്പറയുംപ്രകാരമാണ്:

- 0 – 4 വയസ് : 94 ( 2%)
- 5 – 9 വയസ് : 421 ( 9%)
- 10 – 14 വയസ് : 1566 (33%)
- 15 – 18 വയസ് : 2666 (55%)
- പ്രായം വ്യക്തമല്ലാത്തവർ : 71 (1%)

## വിശകലനം

15–18 പ്രായപരിധിയിലുള്ള കുട്ടികളിലാണ് ഏറ്റവും കൂടുതൽ പോക്സോ കേസുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. കൗമാരപ്രായത്തിൽ കുട്ടികൾ കൂടുതൽ സാമൂഹിക ഇടപെടലുകളിൽ പങ്കെടുക്കുന്നതും, ഡിജിറ്റൽ ഇടപെടലുകൾ വർദ്ധിക്കുന്നതും ഇത്തരം സംഭവങ്ങൾക്ക് സാധ്യത വർദ്ധിപ്പിക്കാം. അതുകൊണ്ട് സ്കൂൾ തലത്തിൽ കൗമാര സുരക്ഷാ ബോധവത്കരണവും ഡിജിറ്റൽ സുരക്ഷാ പരിശീലനവും ശക്തിപ്പെടുത്തേണ്ടതുണ്ട്.

## ലൈംഗികാതിക്രമം നടന്ന സ്ഥലങ്ങളുടെ വിശകലനം




കേസുകളിൽ കുറ്റകൃത്യം നടന്നതായി രേഖപ്പെടുത്തിയ സ്ഥലങ്ങൾ ചുവടെപ്പറയുന്നവയാണ്:

- അതിജീവിതരുടെ വീടുകൾ – 22%
- പ്രതികളുടെ വീടുകൾ – 13%
- പൊതുസ്ഥലങ്ങൾ – 10%
- ഒന്നിലധികം സ്ഥലങ്ങൾ – 4%
- വാഹനങ്ങൾ – 3%
- സ്കൂളുകൾ – 2%
- ഒറ്റപ്പെട്ട സ്ഥലങ്ങൾ – 2%
- മതസ്ഥാപനങ്ങൾ – 1%

- ആശുപത്രികൾ – 1%
- ഹോട്ടൽ/ലോഡ്ജ് – 1%
- മറ്റ് സ്ഥലങ്ങൾ (ഹോസ്റ്റൽ, സൈബർ ഇടങ്ങൾ, അതിജീവിതരുടെയോ പ്രതിയുടെയോ ബന്ധുക്കളുടെ വീടുകൾ, കടകൾ, ട്യൂഷൻ സെന്ററുകൾ, ആഡിറ്റോറിയം, സ്റ്റേഡിയം തുടങ്ങിയവ) – 14%
- അതിക്രമം നടന്ന സ്ഥലം വ്യക്തമല്ലാത്തത് – 27%

**വിശകലനം**

കണക്കുകൾ പ്രകാരം ലൈംഗികാതിക്രമങ്ങൾ കൂടുതലായും സ്വകാര്യവും പരിചിതവുമായ ഇടങ്ങളിൽ സംഭവിക്കുന്നതായി കാണുന്നു. ഭൂരിഭാഗം കേസുകളും കുടുംബാംഗങ്ങളിൽ നിന്നും കുട്ടികളുടെ പരിചിതരിൽ നിന്നും ഉണ്ടാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആയതിനാൽ കുടുംബങ്ങളിലും കുട്ടികൾ സുരക്ഷിതത്വക്കുറവ് നേരിടുന്നു. ആയതിനാൽ കുട്ടികൾക്ക് ലൈംഗിക അതിക്രമങ്ങൾ തിരിച്ചറിയുന്നതിനുള്ള ജീവിത നൈപുണ്യ പരിശീലനങ്ങൾ മെച്ചപ്പെടുത്തേണ്ടതാകുന്നു. കൂടാതെ ചില കേസുകളിൽ സ്ഥലവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതും ശ്രദ്ധേയമാണ്. ഇത് ഡാറ്റ രേഖപ്പെടുത്തൽ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

## ഭിന്നശേഷിയുള്ള അതിജീവിതരുടെ വിവരങ്ങൾ




4818 അതിജീവിതരിൽ:

- ഭിന്നശേഷിയുള്ള കുട്ടികൾ – 154 (3%)
- സ്ഥിതി വ്യക്തമല്ലാത്തവർ – 673 (14%)

## വിശകലനം

ഭിന്നശേഷിയുള്ള കുട്ടികൾ കൂടുതൽ അപകടസാധ്യത നേരിടുന്ന വിഭാഗമാണ്. ആശയവിനിമയപരിമിതികളും ആശ്രിതാവസ്ഥയും കാരണം ഇത്തരം കുട്ടികൾക്ക് സംരക്ഷണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേക്കുള്ള റിപ്പോർട്ടിംഗ്




പോക്സോ നിയമാനുസൃതമായി കേസുകൾ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ അതിജീവിതരായി കുട്ടികളെ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

2025-ലെ കണക്കുകൾ പ്രകാരം:

- 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യാത്ത കേസുകൾ – 87 (2%)
- റിപ്പോർട്ട് ചെയ്തതോ ഇല്ലയോ എന്നത് വ്യക്തമല്ലാത്തത് – 693 (14%)

## വിശകലനം

മിക്ക കേസുകളിലും നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചില കേസുകളിൽ രേഖപ്പെടുത്തൽ സംബന്ധിച്ച വ്യക്തത ഇല്ലാത്തത് നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

# പ്രതികളുടെ ലിംഗവിശകലനം




5234 പ്രതികളിൽ:

- പുരുഷന്മാർ – 4771 (91%)
- സ്ത്രീകൾ – 168 (3%)
- വിവരം ലഭ്യമല്ലാത്തവർ – 295 (6%)

## വിശകലനം

ലൈംഗികാതിക്രമ കേസുകളിൽ പ്രതികളിൽ ഭൂരിപക്ഷവും പുരുഷന്മാരാണെന്നും ഇത് ഒരു സാമൂഹിക-സാംസ്കാരിക പ്രശ്നമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മീഡിയയിലും സമൂഹത്തിലും പലപ്പോഴും സ്ത്രീകളെ വസ്തുവത്കരിക്കുന്ന രീതികളും ഈ പ്രശ്നത്തെ ശക്തിപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ, പൊതുസമൂഹത്തിൽ ലിംഗസമത്വം, പരസ്പര ബഹുമാനം, നിയമം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രത്യേകിച്ച്, ജീവിതനൈപുണ്യ വിദ്യാഭ്യാസം (life skill education), സ്കൂൾ തലത്തിൽ തന്നെ ലിംഗബോധവൽക്കരണ പരിപാടികൾ, പുരുഷന്മാരെ ലക്ഷ്യമിട്ട് പെരുമാറ്റപരിഷ്കരണ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കുന്നത് ഫലപ്രദമാകും. ഇതോടൊപ്പം, നിയമപ്രവർത്തന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും, അതിജീവിതർക്ക് പിന്തുണ നൽകുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും

ചെയ്യേണ്ടതാണ്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ (പ്രാദേശിക തലത്തിൽ വകുപ്പുകൾ ഒന്നിച്ചുള്ള പ്രവർത്തനം) സംയുക്തമായ ഇടപെടലുകൾ വഴിയാണ് ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സാധിക്കുക.

## പോക്സോ കേസുകളിലെ കുറ്റാരോപിതരായിട്ടുള്ളവരുടെ പ്രായാടിസ്ഥാനത്തിലുള്ള വിശകലനം




5234 പോക്സോ കുറ്റാരോപിതരുടെ പ്രായം വിശകലനം ചെയ്യുമ്പോൾ:

- 19-30 വയസ്സ് – 32%
- 41-60 വയസ്സ് – 21%
- 31-40 വയസ്സ് – 11%
- 15-18 വയസ്സ് – 10%
- 61 വയസ്സിനു മുകളിൽ – 6%
- 07-14 വയസ്സ് – 1%
- പ്രായം വ്യക്തമല്ലാത്തവ – 19%

ഈ കണക്കുകൾ പ്രകാരം പോക്സോ കേസുകളിൽ കുറ്റാരോപിതരായവരുടെ ഭൂരിഭാഗവും 19 മുതൽ 60 വയസ്സ് വരെ പ്രായമുള്ളവരാണ്. അതിനാൽ യുവജനങ്ങളും മധ്യവയസ് വിഭാഗവും ലക്ഷ്യമാക്കി ബോധവത്കരണ പ്രവർത്തനങ്ങൾ, ലിംഗസമത്വ ബോധവത്കരണം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള സാമൂഹിക വിദ്യാഭ്യാസം എന്നിവ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. കൂടാതെ നിയമവുമായി പൊരുത്തപെടാത്ത വിഭാഗത്തിൽ 07 മുതൽ 14 വയസ്സ് വരെ 1% പേരും 15 മുതൽ 18 വയസ്സ് വരെ 10% പേരും കുറ്റാരോപിതരാണെന്നത് വളരെ ശ്രദ്ധ ചെലുത്തേണ്ടതായ

വിഷയമാണ്. സ്കൂൾ തലത്തിൽ നിയമാവബോധം ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഒറ്റപ്പെട്ടയിടങ്ങളിലും കുട്ടികളുടെ സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം എന്നിവയിലുള്ള നിരീക്ഷണം വർദ്ധിപ്പിക്കേണ്ടതുമാകുന്നു.

## അതിജീവിതരും പ്രതികളും തമ്മിലുള്ള ബന്ധം




5234 പ്രതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധിക്കുമ്പോൾ ചുവടെപ്പറയുന്ന ബന്ധങ്ങൾ കാണപ്പെടുന്നു:

- അധ്യാപകർ – 2%
- കമിതാക്കൾ – 16%
- കുടുംബാംഗങ്ങൾ – 9%
- അയൽക്കാർ – 11%
- ബന്ധുക്കൾ – 8%
- ഡ്രൈവർമാർ – 1%
- സുഹൃത്തുക്കൾ – 9%
- പരിചിതർ – 16%
- അപരിചിതർ – 7%
- ബന്ധം വ്യക്തമല്ലാത്തവർ – 21%

## വിശകലനം

മിക്ക കേസുകളിലും കുറ്റകൃത്യം ചെയ്യുന്നവർ കുട്ടികൾക്ക് പരിചിതരായ വ്യക്തികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതായത് ലൈംഗികാതിക്രമങ്ങൾ കൂടുതലായും സംഭവിക്കുന്നത് കുട്ടികൾക്ക് വിശ്വാസമുള്ള സാമൂഹിക ബന്ധങ്ങളുടെ പരിധിക്കുള്ളിലാണ്. ഇത് കുടുംബങ്ങളിലും സമൂഹത്തിലും സുരക്ഷയും ബന്ധപരിധികളെക്കുറിച്ചുള്ള ബോധവൽക്കരണവും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

2025–ലെ കണക്കുകൾ പരിശോധിക്കുമ്പോൾ പോക്സോ കേസുകളുടെ റിപ്പോർട്ടിംഗിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇത് നിയമ സാക്ഷരതയും റിപ്പോർട്ടിംഗ് സംവിധാനങ്ങളുടെ കാര്യക്ഷമതയും വർദ്ധിച്ചതിന്റെ സൂചനയാണ്.

കണക്കുകളുടെ വിശകലനം ചൂണ്ടിക്കാണിക്കുന്ന പ്രധാന കാര്യങ്ങൾ:

- കുറ്റകൃത്യങ്ങളിൽ പ്രതികളിൽ ഭൂരിഭാഗവും കുട്ടികൾക്ക് പരിചിതരായവരാണ്
- കൗമാരപ്രായക്കാർ കൂടുതലായി ബാധിക്കപ്പെടുന്നു
- പല സംഭവങ്ങളും സ്വകാര്യ ഇടങ്ങളിൽ നടക്കുന്നു

ഇത് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമൂഹം, പോലീസ്, സർക്കാർ എന്നീ ഘടകങ്ങൾ സംയുക്തമായി പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത വ്യക്തമാക്കുന്നു.

## ചൈൽഡ് വെൽഫയർ കമ്മിറ്റികളിൽ നിന്നും ലഭ്യമായ വിവരങ്ങൾ

2012–ലെ പോക്സോ ആക്റ്റ് നടപ്പാക്കുന്നതിൽ ചൈൽഡ് വെൽഫയർ കമ്മിറ്റികൾ സുപ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ കമ്മിറ്റികളിൽ നിന്നും ലൈംഗീകാതിക്രമത്തിന് വിധേയരായ കുട്ടികളുടെ വിവരങ്ങൾ കമ്മീഷൻ മാസാടിസ്ഥാനത്തിൽ ശേഖരിച്ച് വിശകലനം ചെയ്യുന്നു.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ സംബന്ധിച്ച വിവരം 2012–ലെ പോക്സോ ആക്റ്റിലെ 19(6)–ാം വകുപ്പ് പ്രകാരം പോലിസ് ഉദ്യോഗസ്ഥർ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2025 കാലയളവിൽ പോലീസ് വകുപ്പിൽ നിന്നും 4765 പോക്സോ കേസുകളെ സംബന്ധിച്ച വിവരമാണ് കമ്മീഷനിൽ ലഭ്യമാക്കിയത്. എന്നാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ലഭിച്ച വിശദാംശങ്ങളിൽ 2901 വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി തമ്മിലുള്ള

ഏകോപനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കേസ്സ് കൃത്യമായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യങ്ങളിൽ അതിജീവിതർക്ക് പിന്തുണാസംവിധാനങ്ങൾ ലഭ്യമാകാതെ പോകുന്നു.




## ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുള്ള പോക്സോ കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

2025 ജനുവരി മുതൽ ഡിസംബർ വരെ 2901 കേസുകളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ എത്തിയിരിക്കുന്നത്.

**ജില്ല തിരിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു**



## അതിജീവിതരുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ

ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 2901 കേസുകളിൽ 328(11%) ആൺകുട്ടികളും 2573(89%) പെൺകുട്ടികളും ഉൾപ്പെടുന്നു എന്ന് മനസിലാക്കുന്നു.




## കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ പോക്സോ അതിജീവിതരുടെ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ

പോക്സോ ആക്റ്റിലെ വകുപ്പ് 33 (8) പ്രകാരം പോക്സോ അതിജീവിതരായ കുട്ടിയുടെയോ അല്ലെങ്കിൽ കുട്ടിയ്ക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷയുടെയോ അടിസ്ഥാനത്തിലും പ്രത്യേക കോടതിയിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇടക്കാലശ്വാസത്തിനായോ, പുനരധിവാസത്തിനായോ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്.

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും പോക്സോ ആക്റ്റിന്റെ നിരീക്ഷണത്തിന്റെ ഭാഗമായി ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക്

ലഭ്യമാക്കിയ നഷ്ടപരിഹാരത്തിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ഒരു ചോദ്യാവലി കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം ലഭ്യമാക്കുന്ന വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ വിശദാംശങ്ങൾ ഒറ്റതവണയായി കമ്മീഷൻ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ അതിജീവിതരായ കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാര തുകയെ സംബന്ധിച്ച് പുരോഗതി ഉണ്ടെങ്കിലും കുട്ടികൾക്ക് വിതരണം ചെയ്യുന്നതിൽ അവ്യക്തത നിലനിൽക്കുന്നു.

## 2025 – 2026-ൽ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും അതിജീവിതർക്ക് നഷ്ടപരിഹാര തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാര തുക നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 47,58,87,000/- രൂപ (നാൽപ്പത്തിയേഴ് കോടി അൻപത്തിയെട്ട് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) അനുവദിച്ചതിൽ ആദ്യ ഗഡുവായ 36,50,00,000/-രൂപ (മുപ്പത്തിയാറു കോടി അമ്പതു ലക്ഷം രൂപ മാത്രം) മുഴുവനായും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് കൈമാറുകയും ടി തുക ജില്ലാ ലീഗൽ സർവീസസ് അതോറിറ്റികൾ വഴി ചെലവഴിക്കുകയും ചെയ്തു.

30.03.2026-ാം തീയതി ലഭിച്ച അവസാന ഗഡുവായ 11,08,87,000/- രൂപ (പതിനൊന്നു കോടി എട്ടു ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം, എറണാകുളം സബ്ബ് ട്രഷറിയിലുള്ള കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുള്ളതാണ്. തുക ജില്ലാ ലീഗൽ സർവീസസ് അതോറിറ്റികൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കേരള സംസ്ഥാന നിയമ സേവന അതോറിറ്റി റിപ്പോർട്ട് ചെയ്തു.

# പോക്സോ സെല്ലിന്റെ മറ്റ് പ്രവർത്തനങ്ങൾ

## പോക്സോ അതിജീവിതരായ കുട്ടികൾക്കായുള്ള നഷ്ടപരിഹാരം കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചനാ യോഗം

പോക്സോ അതിജീവിതരായ കുട്ടികൾക്ക് നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാനതലത്തിൽ കർത്തവ്യവാഹകരുടെ കൂടിയാലോചന യോഗം 2025 നവംബർ 1 ന് എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് സംഘടിപ്പിച്ചു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, പോക്സോ നിയമം, 2012 പ്രകാരമുള്ള വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് ഈ യോഗം സംഘടിപ്പിച്ചത്. നിലവിലുള്ള വിക്ടിം കോമ്പൻസേഷൻ സംവിധാനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും, അതിജീവിതരായ കുട്ടികൾക്ക് നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ രൂപപ്പെടുത്തുകയും ചെയ്യുന്നതായിരുന്നു യോഗത്തിന്റെ പ്രധാന ലക്ഷ്യം.



യോഗത്തിൽ ബഹു. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ ഉദ്ഘാടനം നിർവഹിച്ചു. അതിജീവിതരുടെ സാമൂഹിക സാഹചര്യങ്ങളും മാനസികാവസ്ഥയും പരിഗണിച്ചുകൊണ്ട് നഷ്ടപരിഹാരം നൽകേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. കേരള ലീഗൽ സർവീസസ് അതോറിറ്റി മെമ്പർ സെക്രട്ടറി അനിൽ കെ. ഭാസ്കർ മുഖ്യപ്രഭാഷണം നടത്തി. വിവിധ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റികളിലെ സെക്രട്ടറിമാർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ, നിർഭയ സെൽ പ്രതിനിധികൾ,

കമ്മീഷൻ അംഗങ്ങളായ കെ. കെ. ഷാജു, ശ്രീമതി. സിസിലി ജോസഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.



ചർച്ചകളിൽ നിന്നും നിരവധി പ്രധാനപ്പെട്ട കണ്ടെത്തലുകൾ ഉയർന്നുവന്നു. പോക്സോ കേസുകളിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിക്കുന്നതിൽ കുറവ് നിലനിൽക്കുന്നതും, അപേക്ഷകൾ നൽകിയിട്ടും തുക ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമാണ് പ്രധാന പ്രശ്നങ്ങൾ. ഫണ്ടിന്റെ അപര്യാപ്തതയും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവും നടപടികൾ വൈകുന്നതിനുള്ള കാരണങ്ങളായി കണ്ടെത്തി. പോലീസ് സ്റ്റേഷനുകളിൽ നിന്ന് എഫ്.ഐ.ആർ പകർപ്പ് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിലേക്ക് വൈകി ലഭിക്കുന്നതും അന്വേഷണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നു. കൂടാതെ അതിജീവിതർക്കും അവരുടെ കുടുംബങ്ങൾക്കും ലഭ്യമായ സേവനങ്ങൾക്കും പദ്ധതികൾക്കുമുള്ള അവബോധക്കുറവും ശ്രദ്ധയിൽപ്പെട്ടു.

യോഗത്തിൽ നിന്നുള്ള ശുപാർശകളായി, പോക്സോ അതിജീവിതർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സംവിധാനങ്ങൾ രൂപീകരിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചു. വിക്ടിം കോമ്പൻസേഷൻ ഫണ്ടിലേക്ക് അധിക ധനസ്രോതസുകൾ കണ്ടെത്തുന്നതിനായി സി.എസ്.ആർ ഫണ്ട്, സർക്കാർ ഫണ്ട്, അന്താരാഷ്ട്ര സംഘടനകളുടെ സഹായം തുടങ്ങിയ മാർഗങ്ങൾ പരിഗണിക്കണമെന്നും ശുപാർശ ചെയ്തു. അതിജീവിതരുടെ വിദ്യാഭ്യാസം, ചികിത്സ, പുനരധിവാസം എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളിൽ മെച്ചപ്പെടുത്തലുകൾ കൊണ്ടുവരണമെന്നും നിർദ്ദേശിച്ചു.

ഇത്തരം ഇടപെടലുകൾ വഴി പോക്സോ അതിജീവിതരായ കുട്ടികൾക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുകയും അവരുടെ പുനരധിവാസവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത യോഗം വിലയിരുത്തി. യോഗത്തിന്റെ റിപ്പോർട്ടും ശിപാർശകളും തുടർനടപടികൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളിലേക്ക് കമ്മീഷനിൽ നിന്നും ലഭ്യമാക്കി.

## പട്ടികവർഗ പ്രമോട്ടർമാർക്ക് ദ്വിദിന പരിശീലന ബോധവൽക്കരണം

### 1. വയനാട് ജില്ല

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ പട്ടിക വർഗ പ്രമോട്ടർമാർക്കുള്ള ദ്വിദിന പരിശീലന പരിപാടി സുൽത്താൽ ബത്തേരി – ശ്രേയസിൽ വച്ച് 2025 ഡിസംബർ 3, 4 തീയതികളിലായി സംഘടിപ്പിച്ചു. സുൽത്താൽ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മോഹൻദാസ്. കെ പരിശീലന പരിപാടിയിലേക്ക് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ബഹു. കമ്മീഷൻ അംഗം മോഹൻകുമാർ. ബി പരിശീലന പരിപാടിക്ക് അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രൊജക്റ്റ് ഓഫീസർ പ്രമോദ്. ജി, മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മജീദ്. എം എന്നിവർ ആശംസ അറിയിച്ചു. ബാലാവകാശ കമ്മീഷൻ പോക്സോ സെൽ സീനിയർ ടെക്നിക്കൽ ഓഫീസർ മോനിഷ മോഹൻ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.



തുടർന്ന് കുട്ടികൾക്കുവേണ്ടിയുള്ള സംരക്ഷണ നിയമങ്ങളെ ആസ്പദമാക്കി ബാലാവകാശ കമ്മീഷൻ അംഗം കെ. കെ ഷാജു, ശൈശവ വിവാഹം, ബാലവേല– നിയമപരമായ ഉത്തരവാദിത്തം എന്ന വിഷയത്തെ ആസ്പദമാക്കി കില റിസോഴ്സ് പേഴ്സൺ സി കെ ദിനേശൻ, തദ്ദേശീയരായ കുട്ടികൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികളും സംവിധാനങ്ങളും എന്ന വിഷയത്തിൽ വയനാട് ജില്ലാ ഐ.സി.ഡി.എസ് സെൽ പ്രോഗ്രാം ഓഫീസർ ഗീത, തദ്ദേശീയരായ കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ വെല്ലുവിളികൾ എന്ന വിഷയത്തിൽ വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശരണ്യ എം. രാജ് എന്നിവർ ക്ലാസുകൾ നയിച്ചു.

വയനാട് ജില്ലയിലെ ഗോത്ര മേഖലയിലെ കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും (സ്കൂൾ ഡ്രോപ്പ്ഔട്ട്, കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം, പോക്സോ, ബാലവിവാഹം, ബാലവേല, കുട്ടികൾ നേരിടുന്ന ശാരീരിക–മാനസികാരോഗ്യ വെല്ലുവിളികൾ) കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് 15 പഞ്ചായത്തുകളുടെ (കുഞ്ഞോം, തവിഞ്ഞാൽ, കാട്ടികുളം, പിണങ്ങോട്, നൂൽപ്പുഴ, പനമരം, കണിയാമ്പറ്റ, മാനന്തവാടി, പൂതാടി, കൽപറ്റ, വൈത്തിരി, ബത്തേരി, ചീങ്ങേരി, പുൽപള്ളി, പടിഞ്ഞാറേത്തറ) ഗ്രൂപ്പുകൾ ആയി തിരിച്ച് ചർച്ച നടത്തി ഓരോ പഞ്ചായത്തുകളിൽ നിന്നുള്ള പ്രമോട്ടർമാർ ചർച്ചയുടെ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചു. ഗോത്ര മേഖലയിലെ കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് കൃത്യമായ നിയമ സംവിധാനങ്ങളെ കുറിച്ചുള്ള അവബോധം നൽകുന്നതിനും, കുട്ടികൾ നേരിടുന്ന വിവിധ സാമൂഹിക മാനസിക പ്രശ്നങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനുമായിട്ടാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്. ദ്വിദിന പരിശീലന പരിപാടിയിൽ വയനാട് ജില്ലയിൽ നിന്ന് 200 ഓളം പ്രമോട്ടർമാർ പങ്കെടുത്തു.



## 2. പാലക്കാട് ജില്ല

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ പട്ടിക വർഗ പ്രമോട്ടർമാർക്കുള്ള ദ്വിദിന പരിശീലന പരിപാടി താവളം സീൻകര അട്ടപ്പാടി സോഷ്യൽ സർവീസ് ഓർഗനൈസേഷനിൽ വച്ച് 2025 ഡിസംബർ 5, 6 തീയതികളിലായി സംഘടിപ്പിച്ചു.




ബാലാവകാശ കമ്മീഷൻ അംഗം കെ. കെ ഷാജു പരിശീലന പരിപാടിയിലേക്ക് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ബഹു. കമ്മീഷൻ അംഗം മോഹൻകുമാർ. ബി അധ്യക്ഷത വഹിച്ച പരിപാടിയിൽ ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ രമ, അട്ടപ്പാടി മോഡൽ റെസിഡൻഷ്യൽ സ്കൂൾ സീനിയർ സൂപ്രണ്ടന്റ് വി. സുരേഷ്കുമാർ, അട്ടപ്പാടി സോഷ്യൽ സർവീസ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. പോൾ പാറയിൽ എന്നിവർ ആശംസ അറിയിച്ചു. കമ്മീഷൻ അംഗം ഷാജേഷ് ഭാസ്കർ. പി വിഷയ ക്രോഡീകരണം നടത്തുകയും ചെയ്തു. ബാലാവകാശ കമ്മീഷൻ പോക്സോ സെൽ സീനിയർ ടെക്നിക്കൽ ഓഫീസർ മോനിഷ മോഹൻ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.

തുടർന്ന് കുട്ടികൾക്കുവേണ്ടിയുള്ള സംരക്ഷണ നിയമങ്ങളെ ആസ്പദമാക്കി ബാലാവകാശ കമ്മീഷൻ അംഗം ശ്രീ. കെ കെ ഷാജു, തദ്ദേശീയരായ കുട്ടികൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികളും സംവിധാനങ്ങളും എന്ന വിഷയത്തിൽ പാലക്കാട് ജില്ലാ ചൈൽഡ് ലൈൻ സൂപ്പർവൈസർ ശ്രീ. ആഷ്ലിൻ ഷിബു, ശൈശവ വിവാഹം,

ബാലവേല– നിയമപരമായ ഉത്തരവാദിത്തം എന്ന വിഷയത്തെ ആസ്പദമാക്കി കില റിസോഴ്സ് പേഴ്സൺ ശ്രീ. സി കെ ദിനേശൻ, തദ്ദേശീയരായ കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ വെല്ലുവിളികൾ എന്ന വിഷയത്തിൽ, മൈൻഡ് മിത്ര ഫൗണ്ടർ & സൈക്കോളജിസ്റ്റ് ശ്രീമതി. ഗ്രീഷ്മ. ഇ എന്നിവർ ക്ലാസുകൾ നയിച്ചു.

പാലക്കാട് ജില്ലയിലെ ഗോത്ര മേഖലയിലെ കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും (സ്കൂൾ ഡ്രോപ്പ്ഔട്ട്, കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം, പോക്സോ, ബാലവിവാഹം, ബാലവേല, കുട്ടികൾ നേരിടുന്ന ശാരീരിക–മാനസികാരോഗ്യ വെല്ലുവിളികൾ) കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് 6 പഞ്ചായത്തുകളുടെ (ഷോളിയൂർ, അഗളി, പുതൂർ, പാലക്കാട്, ചിറ്റൂർ, കൊല്ലങ്കോട്) ഗ്രൂപ്പുകൾ ആയി തിരിച്ച് ചർച്ച നടത്തി ഓരോ പഞ്ചായത്തുകളിൽ നിന്നുള്ള പ്രമോട്ടർമാർ ചർച്ചയുടെ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചു.

ഗോത്ര മേഖലയിലെ കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് കൃത്യമായ നിയമ സംവിധാനങ്ങളെ കുറിച്ചുള്ള അവബോധം നൽകുന്നതിനും, കുട്ടികൾ നേരിടുന്ന വിവിധ സാമൂഹിക മാനസിക പ്രശ്നങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനുമായിട്ടാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

ദ്വിദിന പരിശീലന പരിപാടിയിൽ പാലക്കാട് ജില്ലയിൽ നിന്ന് 150 ഓളം പ്രമോട്ടർമാർ പങ്കെടുത്തു.



## പോക്സോ നിയമവും ബാലവേല (നിരോധനവും നിയന്ത്രണവും) നിയമവും സംബന്ധിച്ച ദേശീയ ഓൺലൈൻ ചർച്ച

2025 മേയ് 14-ന് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച പോക്സോ നിയമം, 2012 – നും ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986, എന്നിവ സംബന്ധിച്ച് ബോധവത്കരണവും പ്രചാരണവും ശക്തിപ്പെടുത്തുന്നതിനായുള്ള ദേശീയതല ചർച്ച ഓൺലൈൻ രീതിയിൽ സംഘടിപ്പിച്ചു.

കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന വനിതാ ശിശു വികസന വകുപ്പുകൾ, തൊഴിൽ വകുപ്പ്, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ, പൊലീസ് വകുപ്പുകൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനായി പോക്സോ നിയമവും ബാലവേല നിയമവും സംബന്ധിച്ച ബോധവത്കരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വർധിപ്പിച്ച് കുട്ടികൾക്കെതിരായ അതിക്രമങ്ങളും ബാലവേലയും തടയുന്നതിനുള്ള നടപടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനെ കുറിച്ചും യോഗത്തിൽ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

ഈ ദേശീയ ചർച്ചയിൽ നിന്നുള്ള നിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിയമങ്ങളുടെ കാര്യക്ഷമമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിനും സഹായകരമാകുമെന്ന് വിലയിരുത്തപ്പെടുന്നു.

## ദേശീയതല കർത്തവ്യവാഹകരുടെ കൂടിയാലോചനയോഗം – പെൺകുട്ടികളുടെ സുരക്ഷ

ഇന്ത്യയിലെ പെൺകുട്ടികളുടെ സുരക്ഷയും വികസനവും ഉറപ്പാക്കുന്നതിനായി “Safeguarding the Girl Child: Towards a Safer and Enabling Environment for her in India ” എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ തലത്തിൽ കർത്തവ്യവാഹകരുടെ വാർഷിക കൂടിയാലോചനയോഗം 2025 ഒക്ടോബർ 11, 12 തീയതികളിൽ ബഹു. സുപ്രീംകോടതി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച യോഗത്തിൽ കമ്മീഷൻ അംഗം സിസിലി ജോസഫ് പങ്കെടുത്തു. പ്രസ്തുത ദേശീയ ആശയവിനിമയ യോഗത്തിന് മുന്നോടിയായി സംസ്ഥാനതലത്തിൽ കർത്തവ്യവാഹകരുമായി ആശയവിനിമയം നടത്തുന്നതിന് ബഹു.കേരള ഹൈക്കോടതിയിലെ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ

2025 സെപ്റ്റംബർ 11-ന് ഓൺലൈൻ രീതിയിൽ സംഘടിപ്പിച്ച സംസ്ഥാനതല കൺസൾട്ടേഷനിൽ കമ്മീഷൻ ചെയർപേഴ്സൺ കെ. വി മനോജ് കുമാർ പങ്കെടുത്തു.

പെൺകുട്ടികളുടെ സുരക്ഷയും അവർക്കുള്ള സൗഹൃദപരമായ നിയമ-സാമൂഹിക അന്തരീക്ഷവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ വിലയിരുത്തുക എന്നതായിരുന്നു ഈ യോഗത്തിന്റെ പ്രധാന ലക്ഷ്യം. വിവിധ വകുപ്പുകൾ, ബാലസംരക്ഷണ സംവിധാനങ്ങൾ, നിയമപ്രവർത്തകർ, ആരോഗ്യ രംഗം എന്നിവയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി, വെല്ലുവിളികൾ, പോരായ്മകൾ എന്നിവയും യോഗത്തിൽ ചർച്ച ചെയ്തു.

സംസ്ഥാനതല ആശയവിനിമയ യോഗത്തിൽ പ്രധാനമായി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കപ്പെട്ടു:

- നീതി ലഭ്യത, നിയമസഹായം, കുട്ടികൾക്ക് സൗഹൃദപരമായ നടപടിക്രമങ്ങൾ
- കേസുകളുടെ മാനേജ്മെന്റ്, പ്രതിരോധ നടപടികൾ, സ്ഥാപനാടിസ്ഥാനത്തിലുള്ള ബാലസംരക്ഷണ സംവിധാനങ്ങൾ
- പൊലീസ്/നിയമപ്രവർത്തകരുടെ റിപ്പോർട്ടിംഗ്, സംരക്ഷണം, അന്വേഷണം
- ചികിത്സ, മെഡിക്കോ-ലീഗൽ സേവനങ്ങൾ, മാനസികാരോഗ്യ പിന്തുണ
- വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററുകൾ ഉൾപ്പെടെയുള്ള ഏകീകൃത സേവന സംവിധാനങ്ങൾ

പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നത് അവരെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിലുപരി അവരുടെ ആത്മാഭിമാനം, സമാനാവകാശം, ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നതുമായ ഒരു സാമൂഹിക ബാധ്യതയാണ്. ബാലസൗഹൃദ പഞ്ചായത്ത് സംവിധാനങ്ങൾ, നിയമനിരീക്ഷണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കേരളം മികച്ച മാതൃകകൾ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, വകുപ്പുകൾ തമ്മിലുള്ള ഏകോപനവും മാനസിക സാമൂഹിക പിന്തുണയും കൂടുതൽ ശക്തി പെടുത്തേണ്ടതുണ്ട്. സമൂഹം, സർക്കാർ സംവിധാനങ്ങൾ, കുടുംബങ്ങൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തിലൂടെ ഓരോ പെൺകുട്ടിയും സുരക്ഷിതവും ആത്മവിശ്വാസത്തോടെയും വളരുന്ന സമൂഹം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

ഈ ആശയവിനിമയത്തിലൂടെ പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിലവിലുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലിനും, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വർധിപ്പിക്കുന്നതിനും, ഭാവി പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും രൂപപ്പെടുത്തുന്നതിനും സാധിച്ചു.

# കമ്മീഷൻ സംഘടിപ്പിച്ച ഇതര പരിപാടികൾ

## കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചനായോഗം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ട്, (സിപിസിആർ ആക്ട് ), ബാലനീതി ആക്റ്റ്, 2015 വകുപ്പ് 109, പോക്സോ ആക്റ്റ്, 2012 വകുപ്പ് 44, ആർ.ടി.ഇ ആക്റ്റ് 2009, വകുപ്പ് 31 എന്നിവ അനുസരിച്ച് ഈ നിയമങ്ങളുടെ നടത്തിപ്പിന്റെ നിരീക്ഷണ അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന് നല്കപ്പെട്ടിരിക്കുന്നു.

കുട്ടികളുടെ സംരക്ഷണത്തെയും പുനരധിവാസത്തിനെയും ലക്ഷ്യമിടുന്ന പ്രധാന നിയമമാണ് **ജുവനൈൽ ജസ്റ്റിസ് ആക്റ്റ്, 2015.** ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ (CNCP), നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ (CCL) എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, പുനരധിവാസത്തിനായുള്ള സാമൂഹിക ഇടപെടലുകൾ ഉറപ്പാക്കുന്നതിനുമാണ് ഈ നിയമം ലക്ഷ്യമിടുന്നത്. കുട്ടികളെ ലൈംഗിക അതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കാൻ 2012-ൽ രാജ്യത്ത് നിലവിൽ വന്ന നിയമമാണ് **പോക്സോ ആക്റ്റ്.** പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളെ ലൈംഗിക അതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുകയും, ഇത്തരം കുറ്റകൃത്യങ്ങൾ തടയുകയും, അവരുടെ മാനസിക-ശാരീരിക സുരക്ഷ ഉറപ്പാക്കുകയും, നീതിന്യായ സംവിധാനങ്ങളിൽ ബാലസൗഹൃദ സമീപനം നിലനിർത്തുകയും ചെയ്യുന്നതാണ് ഈ നിയമത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ. **ആർ.ടി.ഇ. ആക്റ്റ് 2009,** ഓരോ കുട്ടിക്കും അവകാശമായി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് നിയമപരമായ അടിസ്ഥാനമൊരുക്കിയിട്ടുണ്ട്. ബാലനീതി നിയമം, പോക്സോ നിയമം, സൗജന്യവും നിർബന്ധിതവുമായ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം എന്നീ നിയമങ്ങളുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം 2025 ജൂലൈ 10-ാം തീയതി തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് സംഘടിപ്പിച്ചു.

ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ സംസ്ഥാനതലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനു വേണ്ടിയാണ് ഇത്തരം കൂടിയാലോചനായോഗങ്ങൾ സംഘടിപ്പിക്കുന്നത്. പോക്സോ കേസുകളുടെ വർദ്ധനവും ഗോത്ര മേഖലയിലുള്ള കുട്ടികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്നതും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഊരുകളിൽ കുട്ടികൾ അതിക്രമത്തിന്

ഇരയാകുമ്പോൾ അത്തരം വിഷയങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നുവെന്നും കമ്മീഷൻ അംഗം എൻ. സുനന്ദ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.



യോഗത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത വഹിക്കുകയും കമ്മീഷന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് കുട്ടികളുടെ നിയമങ്ങൾ സംബന്ധിച്ചുള്ള നിരീക്ഷണ ചുമതല എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കുട്ടികൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ കാലതാമസം കൂടാതെ അവരുടെ ആവശ്യങ്ങൾ അനുസരിച്ച് നൽകുകയെന്നത് ഓരോ കർത്തവ്യവാഹകരുടെയും ചുമതലയിൽപ്പെട്ടതാണ്. കമ്മീഷൻ പ്രധാനമായും പ്രവർത്തിക്കുന്നത് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ് ആക്ടിലെ സെക്ഷൻ 30 ൽ പറഞ്ഞിരിക്കുന്നത് അർപ്പിതമായ ഉത്തരവാദിത്വം വച്ചു കൊണ്ടാണ്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള പ്രശ്നങ്ങളാണ് ഈ കാലഘട്ടത്തിൽ നേരിടുന്നത്. കേരളം എല്ലാ മേഖലകളിലും ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുമ്പോഴും കുട്ടികളുടെ മേഖലകളിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഗോത്രമേഖലകളിൽ നിന്നുള്ള കുട്ടികളിൽ കൊഴിഞ്ഞുപോക്ക് കൂടിവരുന്നതായും കൂടാതെ അതിഥിതൊഴിലാളികളുടെ മക്കൾ പഠനം നിർത്തി സ്വദേശത്തേക്ക് തിരിച്ചു പോകുന്ന സാഹചര്യവും നിലവിലുണ്ട്. എല്ലാ ഫിഷറീസ് സ്കൂളുകളും കമ്മീഷൻ സന്ദർശിക്കുകയും അവിടെ പഠിക്കുന്നതിന് കുട്ടികൾ ഇല്ലാത്ത സാഹചര്യം നിലനിൽക്കുകയും ഫിഷറീസ് മേഖലകളിലൂള്ള കുട്ടികൾക്ക് അതേ സ്കൂളിൽ

തന്നെ അഡ്മിഷൻ ലഭ്യമാക്കിയാൽ കൂടുതൽ കുട്ടികൾക്ക് പഠനം നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുന്നില്ല എന്നത് വളരെ വിഷമകരമായ സാഹചര്യമാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടെങ്കിൽ മാത്രമേ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നും ചെയർപേഴ്സൺ അറിയിച്ചു.



## കർത്തവ്യവാഹകരുടെ ജില്ലാതല അവലോകന യോഗം

ബാലാവകാശ സംരക്ഷണ കമ്മിഷന്റെ 27-10-2025 ൽ ചേർന്ന നാലാം കമ്മിഷന്റെ ഇരുപത്തിയേഴാമത് യോഗ തീരുമാനപ്രകാരം, കേരളത്തിലെ 14 ജില്ലകളിലും ആർ.റ്റി.ഇ, പോക്സോ, ജെ.ജെ. എന്നീ നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ അവലോകനയോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, എക്സൈസ്, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പോലീസ്, സംയോജിത ശിശുസംരക്ഷണ പദ്ധതി, ചൈൽഡ് വെൽഫെയർ സൊസൈറ്റി, തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം നടത്തുകയുണ്ടായി.

ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ, കമ്മിഷൻ അംഗങ്ങളായ ജലജാമോൾ റ്റി.സി, സിസിലി ജോസഫ്, ഡോ. വിൽസൺ എഫ്., മോഹൻകുമാർ ബി, കെ. കെ. ഷാജു, ഷാജേഷ് ഭാസ്കർ പി എന്നിവർ ഈ അവലോകന യോഗങ്ങൾക്ക് നേതൃത്വം നൽകി. എല്ലാ ജില്ലകളിൽ നിന്നും പ്രധാന കർത്തവ്യവാഹകരായ ജില്ലാ കളക്ടർമാർ/ഡെപ്യൂട്ടി കളക്ടർ, ചൈൽഡ്

വെൽഫെയർ കമ്മിറ്റി ചെയർമാൻ/ അംഗങ്ങൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ, ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ജില്ലാ മെഡിക്കൽ ഓഫീസർ, ആർ.സി.എച്ച് ഓഫീസർ, ഇൻചാർജ് ഫോറൻസിക് മെഡിസിൻ, ജില്ലാ സ്പെഷ്യൽ ജുവനൈൽ പോലീസ് മേധാവി, ഡി.വൈ.എസ്.പി, ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ, ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ, പ്രോഗ്രാം ഓഫീസർ ICDS, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ, ചൈൽഡ് ഹെൽപ്പ് ലൈൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ, ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർസെക്കൻണ്ടറി, പ്രിൻസിപ്പൽ ഡയറ്റ്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ (വിമുക്തി), എസ്.പി.സി ജില്ലാ നോഡൽ ഓഫീസർ, ജില്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്, വി. എച്ച്. എസ്. സി. അസിസ്റ്റന്റ് ഡയറക്ടർ, അക്കാദമിക് ജില്ലാ കോർഡിനേറ്റർ, വിദ്യാകിരണം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ (എസ്.എസ്.കെ), സൗഹൃദ കോ-ഓർഡിനേറ്റർ ഹയർസെക്കണ്ടറി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, നഗരസഭാ കോർപ്പറേഷൻ സെക്രട്ടറിമാർ, എക്സിക്യൂട്ടിവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി), ജില്ലാ തൊഴിൽ വകുപ്പ് ഓഫീസർ സൂപ്രണ്ട്, ഗവ. ചൈൽഡ് കെയർ സ്ഥാപനങ്ങൾ, ജില്ലാ ഫോറസ്റ്റ് ഓഫീസർ എന്നിവർ അതാത് ജില്ലകളിൽ അവലോകനയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ആർ.റ്റി.ഇ, പോക്സോ, ജെ.ജെ. ആക്ടുകളുടെ കൃത്യമായ നടത്തിപ്പ് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ ഓരോ ഘട്ടത്തിലുമുള്ള കർത്തവ്യവാഹകരുടെ കൂട്ടായ ചർച്ചയും വിശകലനവും അഭിപ്രായ രൂപികരണവും അനിവാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി 14 ജില്ലകളിലെയും ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നത്.

ആർ.റ്റി.ഇ, പോക്സോ, ജെ.ജെ -യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ജില്ലാതലത്തിൽ കർത്തവ്യവാഹകർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിർദ്ദേശങ്ങൾ നല്കുന്നതിനും പ്രസ്തുത നിയമങ്ങളുടെ സുഗമമായ നടത്തിപ്പിനും അതിജീവിതരായ കുട്ടികൾക്ക് കാലതാമസം കൂടാതെ നീതി ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കൃത്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലെയും കർത്തവ്യവാഹകരുടെ അവലോകന

യോഗങ്ങൾ 2025 ഡിസംബർ മാസത്തിൽ സംഘടിപ്പിച്ചു. കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കർത്തവ്യവാഹകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുകയും ആയത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു.

| നം. | ജില്ല | സ്ഥലം | തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം കളക്ടേറ്റ് കോൺഫറൻസ് ഹാൾ | 15.12.2025 |
| 2 | കൊല്ലം | പ്ലാനിംഗ് ഓഫീസ് ഹാൾ, കൊല്ലം (കളക്ടേറ്റിന് സമീപം) | 15.12.2025 |
| 3 | പത്തനംതിട്ട | പോലീസ് എ.ആർ ക്യാമ്പ് ഹാൾ (എസ്.പി ഓഫീസ് പത്തനംതിട്ട) | 16.12.2025 |
| 4 | ആലപ്പുഴ | ആലപ്പുഴ ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാൾ | 20.12.2025 |
| 5 | കോട്ടയം | വിപഞ്ചിക കളക്ടേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം | 19.12.2025 |
| 6 | ഇടുക്കി | ഇടുക്കി കളക്ടേറ്റ് മെയിൻ കോൺഫറൻസ് ഹാൾ | 16.12.2025 |
| 7 | എറണാകുളം | കാക്കനാട് സിവിൽ സ്റ്റേഷൻ | 22.12.2025 |
| 8 | തൃശ്ശൂർ | തൃശ്ശൂർ സിവിൽ സ്റ്റേഷൻ അനക്സ് ഹാൾ | 17.12.2025 |
| 9 | പാലക്കാട് | കളക്ടേറ്റ് കോൺഫറൻസ് ഹാൾ, പാലക്കാട് | 19.12.2025 |
| 10 | മലപ്പുറം | KSTA ഹാൾ, കോട്ടപ്പടി, മലപ്പുറം (പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം) | 20.12.2025 |
| 11 | കോഴിക്കോട് | ഗവ. ഗേൾസ് ചിൽഡ്രൻസ് ഹോം, വെള്ളിമാട്കുന്ന് | 18.12.2025 |
| 12 | വയനാട് | ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാൾ, വയനാട് | 18.12.2025 |
| 13 | കണ്ണൂർ | കണ്ണൂർ ജില്ലാ കളക്ടേറ്റ് ഓഡിറ്റോറിയം | 19.12.2025 |
| 14 | കാസർഗോഡ് | കളക്ടേറ്റ് മെയിൻ കോൺഫറൻസ് ഹാൾ, കാസർഗോഡ് | 16.12.2025 |

# കുട്ടികളിലെ സാംക്രമികേതര രോഗങ്ങൾ (NCDs) – സംസ്ഥാനതല കൂടിയാലോചനാ യോഗങ്ങൾ

കുട്ടികളിൽ സാംക്രമികേതര രോഗങ്ങൾ (Non-Communicable Diseases – NCDs) വർധിച്ചു വരുന്ന പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ആസ്ത്മ, ടൈപ്പ്-1 പ്രമേഹം, ഹൃദ്രോഗങ്ങൾ, അമിതവണ്ണം, ചില തരത്തിലുള്ള ക്യാൻസർ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ കുട്ടികളിൽ കൂടുതലായി കാണപ്പെടുന്ന പ്രധാന സാംക്രമികേതര രോഗങ്ങളാണ്. അനാരോഗ്യകരമായ ഭക്ഷണരീതി, ശാരീരിക പ്രവർത്തനങ്ങളുടെ കുറവ്, പരിസ്ഥിതി ഘടകങ്ങൾ, സാമൂഹിക ആരോഗ്യ നിർണ്ണായകങ്ങൾ എന്നിവയാണ് ഇത്തരം രോഗങ്ങൾ വർധിക്കാൻ കാരണമാകുന്ന പ്രധാന ഘടകങ്ങൾ.

ഈ സാഹചര്യത്തിൽ കുട്ടികളിലെ സാംക്രമികേതര രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം വർധിപ്പിക്കുകയും, പ്രതിരോധവും നിയന്ത്രണവും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ യൂണിസെഫി-ന്റെ സഹകരണത്തോടെ വിവിധ മേഖലകളിലെ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി സംസ്ഥാനതല കൂടിയാലോചന യോഗങ്ങൾ സംഘടിപ്പിച്ചു.

1. 2025 ഏപ്രിൽ 24-ന് തിരുവനന്തപുരം നഗരത്തിൽ കുട്ടികളുമായി സംസ്ഥാനതല കൂടിയാലോചന യോഗം സംഘടിപ്പിച്ചു. കുട്ടികൾ, മാതാപിതാക്കൾ, അധ്യാപകർ, ആരോഗ്യവിദഗ്ധർ എന്നിവർ പങ്കെടുത്ത ഈ പരിപാടിയിൽ സാംക്രമികേതര രോഗ ബാധിതരായ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ, ചികിത്സാ അനുഭവങ്ങൾ, അവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. കുട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നയരൂപീകരണത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത യോഗം ചൂണ്ടിക്കാട്ടി.





2. 2025 ഏപ്രിൽ 30-ന് തിരുവനന്തപുരം നഗരത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും യുവജന-വിദ്യാർത്ഥി സംഘടനകളുടെയും പ്രതിനിധികളുമായി സംസ്ഥാനതല കൂടിയാലോചന യോഗം സംഘടിപ്പിച്ചു. കുട്ടികളിൽ വർധിച്ചു വരുന്ന സാംക്രമികേതര രോഗങ്ങളെ പ്രതിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി നയപരമായ ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഈ യോഗം വിലയിരുത്തി.






3. 2025 മേയ് 16-ന് എറണാകുളത്ത് പ്രിന്റ്, ഡിജിറ്റൽ, ബ്രോഡ്കാസ്റ്റ് മാധ്യമങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത സംസ്ഥാനതല കൂടിയാലോചന യോഗം സംഘടിപ്പിച്ചു. കുട്ടികളുടെ ആരോഗ്യവും ബാലാവകാശങ്ങളും സംബന്ധിച്ച വിഷയങ്ങളിൽ ബോധവത്കരണം സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് നിർണായകമാണെന്ന് യോഗം വിലയിരുത്തി.





4. 2025 ഓഗസ്റ്റ് 22-ന് തിരുവനന്തപുരം നഗരത്തിൽ "Investing in Children" എന്ന വിഷയത്തിൽ എൻ.ജി.ഒ.-കളുമായി സംസ്ഥാനതല കൂടിയാലോചന യോഗം സംഘടിപ്പിച്ചു. ബാലാവകാശ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ആരോഗ്യവിദഗ്ധർ, സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത ഈ പരിപാടിയിൽ കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും സംരക്ഷണവും ശക്തിപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ ഇടപെടലുകൾ സംബന്ധിച്ച് ചർച്ച നടന്നു.




5. 2025 സെപ്റ്റംബർ 29-ന് നിയമസഭാ സമുച്ചയത്തിൽ നിയമസഭാംഗങ്ങളുടെയും വിവിധ മേഖലയിലെ വിദഗ്ധരുടെയും പങ്കാളിത്തത്തോടെ "Lifestyle Diseases in Children: Prevention and Management" എന്ന വിഷയത്തിൽ സംസ്ഥാന നയ ഫോറം സംഘടിപ്പിച്ചു. കുട്ടികളിൽ വർധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി സമഗ്രവും കുട്ടികേന്ദ്രിതവുമായ നയപരമായ ഇടപെടലുകൾ ആവശ്യമാണ് എന്നതിൽ യോഗം ഊന്നൽ നൽകി.

മുകളിൽ പറയുന്ന സംസ്ഥാനതല കൂടിയാലോചന യോഗ പരിപാടികളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളിലെ സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിത ഇടപെടൽ ആവശ്യമാണ് എന്ന് വിലയിരുത്തപ്പെട്ടു.

ഇത് സമഗ്രമായി ഏകീകരിച്ച് സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ സമഗ്ര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ ഇടപെടലുകൾ നിർണായകമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.






# കുട്ടികൾക്കായി “റേഡിയോ നെല്ലിക്ക”







കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികൾക്കായി ആരംഭിച്ച ഇന്റർനെറ്റ് റേഡിയോ പദ്ധതിയായ “റേഡിയോ നെല്ലിക്ക” 2025 ജൂൺ 18 ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

ബാലസൗഹൃദ സമൂഹം യാഥാർത്ഥ്യമാക്കുകയും ബാലാവകാശ സാക്ഷരത ഉറപ്പാക്കുകയും ചെയ്യുന്നതിനായി കമ്മീഷൻ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് റേഡിയോ നെല്ലിക്ക രൂപം കൊണ്ടത്. കുട്ടികൾ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, സമൂഹം എന്നിവർക്കിടയിൽ ബാലാവകാശങ്ങളുമായി ബന്ധപ്പെട്ട അവബോധം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും 24 മണിക്കൂറും ഈ റേഡിയോ ശ്രവിക്കാനാവുന്ന രീതിയിലാണ് സംവിധാനം ഒരുക്കിയിരിക്കുന്നത്. പ്ലേ സ്റ്റോറിലും ആപ്പ് സ്റ്റോറിലും ലഭ്യമായ “റേഡിയോ നെല്ലിക്ക” ആപ്പ് ഡൗൺലോഡ് ചെയ്ത് എല്ലാവർക്കും എളുപ്പത്തിൽ റേഡിയോ ആസ്വദിക്കാം.

**ശ്രദ്ധേയമായ പരിപാടികൾ**

“റൈറ്റ് ടേൺ”, “ഇമ്മിണി ബല്യ കാര്യം”, “ആകാശദൂത്”, “അങ്കിൾ ബോസ്സ്” തുടങ്ങിയ പരിപാടികളിലൂടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും അവരുടെ സംശയങ്ങൾ, പരിഭവങ്ങൾ, സന്തോഷങ്ങൾ, അനുഭവങ്ങൾ എന്നിവ

കത്തുകളിലൂടെയും ഫോണിലൂടെയും പങ്ക് വെക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ, പ്രമുഖ വ്യക്തിക്കളുടെ അഭിമുഖങ്ങൾ, കേരളത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾ അവതരിപ്പിക്കുന്ന കലാപരിപാടികൾ, പൊതുവിജ്ഞാന വിഷയങ്ങൾ, കമ്മീഷന്റെ പ്രവർത്തനങ്ങളും വാർത്തകളും ഉൾപ്പെടുത്തി റേഡിയോ സമ്പുഷ്ടമാക്കപ്പെട്ടിരിക്കുന്നു.

**റേഡിയോ നെല്ലിക്ക റോഡ് ഷോ – 2026**

റേഡിയോ നെല്ലിക്കയുടെ പ്രചരണവും ബാലാവകാശ ബോധവൽക്കരണവും ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ കേന്ദ്രീകരിച്ച് 2026 ജനുവരി 11 മുതൽ റോഡ് ഷോ സംഘടിപ്പിച്ചു. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്ത ബാലാവകാശ ബോധവൽക്കരണ റോഡ് ഷോ 2026 ജനുവരി 11 ന് കാസർഗോഡിൽ ആരംഭിച്ചു. ജവഹർ നവോദയ വിദ്യാലയത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങ് പ്രമുഖ മജീഷ്യൻ ഗോപിനാഥ് മുതുകാട് ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർപേർസൺ കെ. വി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു.

റേഡിയോ ജോക്കിയും മെന്റലിസ്റ്റും ടെക്നിക്കൽ സപോർട്ട് ടീമും സഞ്ചരിക്കുന്ന പ്രത്യേക സ്റ്റേജോടുകൂടിയ വാഹനത്തിലൂടെ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിച്ചു. ഓരോ സ്കൂളിലും കുട്ടികളുമായി സംവാദങ്ങൾ, കലാപരിപാടികൾ, ബോധവൽക്കാരണ സെഷനുകൾ എന്നിവ ഉൾപ്പെടുത്തി ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ള പരിപാടികളാണ് നടന്നത്. ഈ പരിപാടികൾ റേഡിയോ നെല്ലിക്കയിലൂടെ തത്സമയം സംപ്രേഷണം ചെയ്യുകയും ചെയ്തു. അതത് സ്കൂളുകളിലെ അധ്യാപകർ, എൻ. എസ്. എസ്., എസ്. പി. സി., എൻ. സി. സി., കേഡറ്റുകൾ എന്നിവർ പരിപാടികളിൽ സജീവമായി പങ്കെടുത്തു.

പ്രസ്തുത റോഡ് ഷോയുടെ സമാപന പരിപാടി 2026 ജനുവരി 30 ന് തിരുവനന്തപുരം കോട്ടൺ ഹിൽ ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വിപുലമായി സംഘടിപ്പിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം ക്രൈം ബ്രാഞ്ച് ഐ. ജി യും എസ്. പി. സി. സ്റ്റേറ്റ് നോഡൽ ഓഫഫീസറുമായ അജിത ബീഗം നിർവ്വഹിച്ചു. ചടങ്ങിൽ ബാലാവകാശ കമ്മീഷൻ ചെയർപേർസൺ കെ. വി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. ബാലാവകാശ കമ്മീഷൻ അംഗങ്ങൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർ ഉൾപ്പടെ നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.










State Wide



## സംസ്ഥാന സ്കൂൾ കലോൽസവത്തിലെ പങ്കാളിത്തം

2026 ജനുവരി 14 മുതൽ 18 വരെ തൃശ്ശൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോൽസവത്തിൽ റേഡിയോ നെല്ലിക്കയുടെ പ്രത്യേക സ്റ്റാൾ ക്രമീകരിച്ചു. സ്റ്റാളിൽ കുട്ടികളുടെയും അദ്ധ്യാപകരുടെയും അഭിമുഖങ്ങൾ, കലോത്സവ വേദികളിലെ പരിപാടികളുടെ ലൈവ് കവറേജ് എന്നിവ സംപ്രേഷണം ചെയ്തു. കൂടാതെ, റോഡ് ഷോ വാഹനം കലോൽസവ വേദിയിലും എത്തിച്ചേർന്ന് കുട്ടികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധ ആകർഷിച്ചു.

ബാലാവകാശ സംരക്ഷണവും ബാലസൗഹൃദ സമൂഹ നിർമ്മാണവും ലക്ഷ്യമാക്കി ആരംഭിച്ച "റേഡിയോ നെല്ലിക്ക" ഇന്ന് കുട്ടികളുടെ ശബ്ദവും സ്വപ്നങ്ങളും സമൂഹത്തിലേക്ക് എത്തിക്കുന്ന സവിശേഷ വേദിയായി മാറിക്കൊണ്ടിരിക്കുകയാണ്. വിവരവും വിനോദവും ബോധവൽക്കരണവും ഒരുമിപ്പിക്കുന്ന ഈ സംരംഭം കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വളർത്തുന്നതിനും ബാലവകാശ ബോധം സമൂഹത്തിൽ ശക്തിപ്പെടുത്തുന്നതിനും ശ്രദ്ധേയമായ സംഭാവന നല്കുന്നു.




*സംസ്ഥാന സ്കൂൾ കലോത്സവത്തിൽ "റേഡിയോ നെല്ലിക്ക" സ്റ്റാൾ*






# പബ്ലിക് റിലേഷൻസ്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പബ്ലിക് റിലേഷൻസ് വിഭാഗം കാര്യക്ഷമമായാണ് പ്രവർത്തിച്ചുവരുന്നത്. കമ്മീഷന്റെ വിവിധ പ്രവർത്തനങ്ങളും പരിപാടികളും പൊതുസമൂഹത്തിൽ എത്തിക്കുന്നതിനും, മാധ്യമ ഏകോപന പ്രവർത്തനങ്ങളിലൂടെ ബാലാവകാശ സംരക്ഷണ സാക്ഷരത കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പബ്ലിക് റിലേഷൻസ് വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച മാധ്യമവാർത്തകൾ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും കമ്മിഷൻ സ്വീകരിക്കുന്ന നടപടികൾ പൊതു ജനങ്ങളെയും മാധ്യമങ്ങളെയും അറിയിക്കുന്നത് പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

### മാധ്യമങ്ങൾക്ക് നൽകിയ വിവരങ്ങൾ

കമ്മിഷൻ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന ഉത്തരവുകൾ, വിവിധ ഏജൻസികൾ നൽകിയ നടപടി റിപ്പോർട്ടുകൾ കമ്മിഷൻ വിവിധ ജില്ലകളിൽ നടത്തിയ സിറ്റിങുകൾ, സന്ദർശനങ്ങൾ, കമ്മിഷൻ സ്വമേധയാ നടപടി സ്വീകരിച്ച കേസുകൾ, കമ്മിഷന്റെ വിവിധ പരിപാടികൾ, കൂടിയാലോചനാ യോഗങ്ങൾ, തുടങ്ങി 2025 ഏപ്രിൽ ഒന്നു മുതൽ 2026 മാർച്ച് 31 വരെ 48 പത്രക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെ മികച്ച പ്രചാരമാണ് കമ്മിഷന്റെ വാർത്താക്കുറിപ്പുകൾക്ക് കിട്ടിയത്. ബാലസൗഹൃദ കേരളം ലക്ഷ്യമിട്ട് കമ്മിഷൻ നിർമ്മിച്ച പരസ്യ ചിത്രം ക്യൂബ് സിനിമ നെറ്റ് വർക്ക്, യു.എഫ്.ഒ സിനി മീഡിയ നെറ്റ് വർക്ക് എന്നിവ വഴി 200 സിനിമ തീയേറ്ററുകളിൽ പ്രദർശിപ്പിച്ചു.

### വിവിധ പരിപാടികളുടെ ഫണ്ട് വിനിയോഗവും കണക്കുകൾ ക്രമീകരിക്കലും

സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം - ബാലനീതി ആക്റ്റുകൾ - പോക്സോ/ആർ.റ്റി.ഇ, സ്കൂൾ കൗൺസിലർമാർക്ക് സംസ്ഥാനതല ദ്വിദിന പരിശീലന പരിപാടി, 14 ജില്ലകളിൽ ജില്ലാതല ഏകദിന അധ്യാപക പരിശീലനം, പോക്സോ ആക്റ്റ് 2012, സെക്ഷൻ 44 - വിക്ടിം കോമ്പൻസേഷൻ കൂടിയാലോചനാ യോഗം, ബാലാവകാശ സംരക്ഷണ നിയമങ്ങൾ ത്രിദിന കോൺക്ലേവ്, CWC, JJB, DCPU ,SJPU കർത്തവ്യവാഹകർക്ക് പരിശീലനം, റേഡിയോ നെല്ലിക്ക - പ്രചോദാത്മക പ്രസംഗം, പ്രമുഖരുമായി അഭിമുഖം, റോഡ് ഷോ - സംസ്ഥാന സ്കൂൾ കലോത്സവം-സ്റ്റാൾ തുടങ്ങിയവ സംഘടിപ്പിക്കുകയും കണക്കുകൾ ക്രമീകരിക്കുകയും ചെയ്തു.

കൂടാതെ, സംസ്ഥാന ബാലാവകശ സംരക്ഷണ കമ്മിഷൻ യുണിസെഫുമായി സഹകരിച്ച് കുട്ടികളിലെ സാംക്രമികേതര രോഗങ്ങളുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അച്ചടി - ദൃശ്യ - ശ്രവ്യ - ഓൺലൈൻ മാധ്യമ പ്രതിനിധികൾ, സർക്കാർ - വിവിധ നിയമസഭാസാമാജികർ എന്നിവരുമായി സർക്കാതിര

സംഘടനകൾ സംസ്ഥാന തല യോഗങ്ങൾ സംഘടിപ്പിക്കുയും സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു.

**പുസ്തക പ്രസിദ്ധീകരണം**

ബാലനീതി ആക്റ്റ് 2015, പോക്സോ ആക്റ്റ് 2012, ആർ.റ്റി.ഇ ആക്റ്റ് 2009– 5000 കോപ്പികൾ, മാധ്യമ പ്രവർത്തകർക്കുള്ള മാർഗ നിർദ്ദേശം 500 കോപ്പികൾ, അധ്യാപക പരിശീലനം - 5000 കോപ്പി ഹാൻഡ്ബുക്കുകൾ, ബാലാവകാശ കമ്മിഷന്റെ 2024–25 വാർഷിക റിപ്പോർട്ട് 30 കോപ്പികൾ എന്നിവ അച്ചടിച്ചു.

**വിവരാവകാശ ആക്റ്റ് പ്രകാരമുള്ള അപേക്ഷകൾ**

2005–ലെ വിവരാവകാശ ആക്റ്റ് പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് ലഭിച്ച 84 അപേക്ഷകൾ സമയബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

# ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 2025-26 വർഷത്തെ പദ്ധതി പദ്ധതിയേതര വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതവും ചെലവും | | | | |
|---|---|---|---|---|
| പദ്ധതിയേതര വിഹിതം | | | | |
| നമ്പർ | ശീർഷകം | ബഡ്ജറ്റ് വിഹിതം | ബഡ്ജറ്റ് വിഹിതം (Revised) | ചെലവ് |
| (എ) | 2235-02-102-53-01-ശമ്പളം | | | |
| | 1.ശമ്പളം | 1,86,70,000 | 1,86,70,000 | 2,05,80,637 |
| | 2. ക്ഷാമബത്ത | 29,16,000 | 29,16,000 | 16,95,666 |
| | 3. വീട്ടുവാടക അലവൻസ് | 14,20,000 | 14,20,000 | 16,84,722 |
| | 4. മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് | 20,000 | 20,000 | 1,500 |
| | 5. മറ്റു അലവൻസുകൾ | 96000 | 96,000 | 1,89,946 |
| (ബി) | 02-വേതനം | | | |
| | 1. വേതനം | 2,23,000 | 2,23,000 | 2,27,731 |
| | 2. ക്ഷാമബത്ത | 40,000 | 40,000 | 39,467/- |
| | 3. മറ്റ് അലവൻസുകൾ | 21,000 | 21,000 | 18,629/- |
| | 4. നിശ്ചിത വേതനം | 1,62,00,000 | 1,62,00,000 | 1,89,87,219 |
| | 5. ദിവസവേതനം | 6,13,000 | 6,13,000 | 12,20,350 |
| (സി) | 04. യാത്രാ ചെലവുകൾ | | | |
| | 1. യാത്രാ ബത്ത | 1,75,000 | 1,75,000 | 1,09,172/- |

| | | | | |
|---|---|---|---|---|
| | 3. അവധി യാത്രാ ആനുകൂല്യം | 25,000 | 25,000 | 00 |
| (ഡി) | 05–ഓഫീസ് ചെലവുകൾ | | | |
| | 1. വെള്ളക്കരം | 80,000 | 80,000 | 14,158 |
| | 2. വൈദ്യുതി ചെലവ് | 3,81,000 | 3,81,000 | 3,13,718 |
| | 3. ടെലിഫോൺ ചെലവ് | 1,00,000 | 1,00,000 | 57,025/– |
| | 4. മറ്റിനങ്ങൾ | 16,36,000 | 16,36,000 | 10,07,712 |
| (ഇ) | 06–വാടക, കരം, നികുതി | 12,00,000 | 12,00,000 | 11,87,352/– |
| (എഫ് ) | 21–മോട്ടോർ വാഹനങ്ങൾ | | | |
| (ജി) | 2. സംരക്ഷണവും അറ്റകുറ്റപണികളും | 1,000 | 1,000 | 0 |
| | 28–തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ | 0 | 0 | 3,10,000/– |
| (എച്ച് ) | 34–മറ്റു ചെലവുകൾ | | | |
| | 3. മറ്റിനം | 2,86,000 | 2,86,000/– | 6,00,021/– |
| (ഐ) | 45–പി.ഒ.എൽ | 50,000 | 50,000 | 0 |
| (ജെ) | 93.ട്രേഡ് അപ്രന്റീസുകളുടെ സ്റ്റൈപന്റ് | 1,000 | 1,000 | 31,612 |
| (കെ) | 97–വാഹനങ്ങളുടെ വാടക | 15,00,000 | 15,00,000 | 14,91,063/– |
| പ്ലാൻ (പദ്ധതി വിഹിതം) | 2235–02–102–53–34–മറ്റ് ചെലവുകൾ | | | |
| | 3–മറ്റിനം | 2,35,00,000 | 2,15,00,000 | 1,26,61,427/– |
| | 97–വാഹനങ്ങളുടെ വാടക | 15,00,000 | 35,00,000 | 33,25,833/– |

ബഡ്ജറ്റ് വിഹിതം = 2,50,00,000 (പ്ലാൻ) + 4,56,54,000 (നോൺ പ്ലാൻ)

= 7,06,54,000/-

ആകെ ചെലവ് = 1,59,87,260 (പ്ലാൻ) + 4,97,67,700 (നോൺ പ്ലാൻ)

= 6,57,54,960/-

=============

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാൽപര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർ വർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

സിസിലി ജോസഫ്
*കമ്മീഷൻ അംഗം*

ഡോ. വിൽസൺ. എഫ്
*കമ്മീഷൻ അംഗം*

കെ. കെ. ഷാജു
*കമ്മീഷൻ അംഗം*

മോഹൻകുമാർ. ബി
*കമ്മീഷൻ അംഗം*

ഷാജേഷ് ഭാസ്കർ. പി
*കമ്മീഷൻ അംഗം*

ജലജമോൾ. റ്റി. സി
*കമ്മീഷൻ അംഗം*

കെ. വി. മനോജ് കുമാർ
*ചെയർപേഴ്സൺ*

# അനുബന്ധം 1

*റിപ്പോർട്ട് കാലയളവിലെ (2025 - 2026) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടേയും പേരുവിവരം*

1. ശ്രീ. മനോജ് കുമാർ കെ.വി. .. ചെയർപേഴ്സൺ (18-08-2023 മുതൽ)
2. ശ്രീമതി. എൻ. സുനന്ദ .. അംഗം (25-08-2022 മുതൽ 24-08-2025 വരെ)
3. ശ്രീമതി. ജലജമോൾ റ്റി.സി. .. അംഗം (25-08-2022 മുതൽ 24-08-2025 വരെ)
4. ശ്രീ. മോഹൻകുമാർ ബി. .. അംഗം (07-03-2024 മുതൽ)
5. ശ്രീമതി. സിസിലി ജോസഫ് .. അംഗം (07-03-2024 മുതൽ)
6. ശ്രീ. കെ. കെ. ഷാജു .. അംഗം (07-03-2024 മുതൽ)
7. ഡോ. വിൽസൺ .എഫ് .. അംഗം (07-03-2024 മുതൽ)
8. ശ്രീ. ഷാജേഷ് ഭാസ്കർ പി. .. അംഗം (01-11-2025 മുതൽ)
9. ശ്രീമതി. ജലജമോൾ റ്റി.സി. .. അംഗം (01-11-2025 മുതൽ)

# അനുബന്ധം 2

*റിപ്പോർട്ട് കാലയളവിലെ (2025 2026) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും പേരു വിവരം*

**കമ്മീഷന്റെ സെക്രട്ടറി**

1. ശ്രീമതി. ഷൈനി ജോർജ്ജ് (09-08-2024 മുതൽ 15-05-2025 വരെ)
2. ശ്രീ. എച്ച്. നജീബ് (16-05-2025 മുതൽ)

**കമ്മീഷന്റെ രജിസ്ട്രാർ**

1. ശ്രീമതി. മിനി ഭാസ്കർ. എസ് (05-08-20222 മുതൽ 31-05-2025 വരെ)
2. ശ്രീമതി. ടി. പി. കോമളവല്ലി (30-06-2025 മുതൽ)

**മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും**

| | | |
|---|---|---|
| 1. ശ്രീ. ഗോവിന്ദരാജ് കെ. | – | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (06-06-2024 മുതൽ 05-06-2025 വരെ, 20-06-2025 മുതൽ 01.06.2026 വരെ) |
| 2. ശ്രീമതി. രജനിമോൾ പി. റ്റി | – | ഫിനാൻസ് ഓഫീസർ (29-11-2025 മുതൽ 28-01-2026 വരെ) |
| 3. ശ്രീ. ശ്യാം കുമാർ പി. | – | പി. ആർ. ഒ (01-09-2021 മുതൽ) |
| 4. ശ്രീമതി. ശ്രീലേഖ സി.കെ | – | സെക്ഷൻ ഓഫീസർ, ഭരണ വിഭാഗം (11-06-2024 മുതൽ 10-06-2025 വരെ) |
| 5. ശ്രീ. സബീർ. എസ്. എസ് | – | സെക്ഷൻ ഓഫീസർ, ഭരണ വിഭാഗം (17-07-2025 മുതൽ) |
| 6. ശ്രീ. പ്രവീൺ പി. | – | സെക്ഷൻ ഓഫീസർ, ജനറൽ (22-07-2022 മുതൽ) |
| 7. ശ്രീമതി. മേരി റേയിച്ചൽ | – | കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-1 (05-04-2023 മുതൽ) |
| 8. ശ്രീ. പ്രിയലാൽ എം. | – | കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (22-08-2024 മുതൽ) |
| 9. ശ്രീ. ശരത്. എ. എസ് | – | ലീഗൽ അസിസ്റ്റന്റ് - 1 (06-05-2023 മുതൽ 14-10-2025 വരെ) |

10. ശ്രീമതി. തുഷാര മോഹൻ – ലീഗൽ അസിസ്റ്റന്റ് – 1 (18-12-2025 മുതൽ)

11. ശ്രീ. മനു. ബി – ലീഗൽ അസിസ്റ്റന്റ് – 2 (21-12-2023 മുതൽ)

12. ശ്രീമതി. നസീറബീവി എ. എൻ – അക്കൗണ്ടന്റ്
(09-01-2025 മുതൽ 26-08-2025 വരെ)

13. ശ്രീ. ഫസൽ അഹമ്മദ്. എൻ – അക്കൗണ്ടന്റ് (01-11-2025 മുതൽ)

14. ശ്രീമതി. അനു. വി.കെ – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (സി1)
(04-11-2020 മുതൽ 03-11-2025 വരെ)

15. ശ്രീ. അൻവർ കെ. – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (സി2)
(06-03-2024 മുതൽ)

16. ശ്രീമതി. സനിൽപ്രഭ വി. എം. – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ1)
(04-01-2024 മുതൽ)

17. ശ്രീമതി. ഷീബ. ആർ. – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ2)
(05-08-2022 മുതൽ 04-08-2025 വരെ)

18. ശ്രീമതി. ധന്യ. യു. വി – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ2)
(04-10-2025 മുതൽ)

19. ശ്രീമതി. ജിനി. എൽ. രാജ് – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ3)
(17-06-2023 മുതൽ)

20. ശ്രീമതി. നീമ. എം. റ്റി. – ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ
(07-05-2025 മുതൽ)

21. ശ്രീ. അരുൺകുമാർ എസ്. – ഓഫീസ് അറ്റൻഡന്റ് (01-12-2021 മുതൽ)

22. ശ്രീമതി. അനീഷ തിങ്കൾ – ഓഫീസ് അറ്റൻഡന്റ് (19-04-2024 മുതൽ)

23. ശ്രീമതി. പ്രവീണ ചന്ദ്രൻ പി. – ഓഫീസ് അറ്റൻഡന്റ് (04-02-2025 മുതൽ)

24. ശ്രീമതി. സൈഫുന്നിസ – പാർട്ട്-ടൈം-സ്വീപ്പർ (03-12-2015 മുതൽ)

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം
ഫോൺ : 0471- 2326603, ഇ- മെയിൽ : childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala